# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## കോഡൂർ ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2019-2020




കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
മലപ്പുറം-676505

ഇ-മെയിൽ: dompm.ksad@kerala.gov.in

ഫോൺ : 0483-2734951

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.എം.പി.എം27/591/2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
മലപ്പുറം-676505
തീയ്യതി: 30/03/2021
ഇ-മെയിൽ:
dompm.ksad@kerala.gov.in
ഫോൺ: 0483-2734951

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കോഡൂർ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : കോഡൂർ ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കോഡൂർ ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, മലപ്പുറം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.എം.പി.എം27/591/2021 തീയ്യതി: 30/03/2021

## മലപ്പുറം ജില്ലയിലെ കോഡൂർ ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

മലപ്പുറം ജില്ലയിലെ കോഡൂർ ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-07-2020 മുതൽ 20-02-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 01-04-2019 മുതൽ 31-03-2020 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നും നടത്തിയിട്ടുള്ള പണം പിൻവലിക്കൽ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 34 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 33 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 02-03-2021 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/ പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. സതീഷ് മാവേലി പുത്തൻവീട് | ഡെപ്യൂട്ടി ഡയറക്ടർ (ഹ. ഗ്രേ) | 22-02-2021 | 02-03-2021 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 22-02-2021 | 02-03-2021 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ അബ്ദുൽ സത്താർ സി പി,ഓഡിറ്റ് ഓഫീസർ
ശ്രീ അബ്ദുൽ ഗഫൂർ സി, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ മുഹമ്മദ് ഫസലുറഹ്മാൻ എം, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ ഷാജഹാൻ ഖുറൈശി എം, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ ബിജേഷ് എ എസ്, ഓഡിറ്റർ

(ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. സി പി ഷാജി | പ്രസിഡന്റ് | 01-04-2019 | 31-03-2020 |

നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. പ്രേമാനന്ദൻ കെ | സെക്രട്ടറി | 01-04-2019 | 10-07-2019 |
| ശ്രീമതി റോസി | സെക്രട്ടറി | 11-07-2019 | 31-03-2020 |
| ശ്രീ. കെ പ്രഭാകരൻ | അസി.സെക്രട്ടറി | 01-04-2019 | 23-07-2019 |
| ശ്രീമതി ബിന്ദു വി ആർ | അസി.സെക്രട്ടറി | 24-07-2019 | 31-03-2020 |
| ശ്രീമതി ഷഹനില പി പി | കൃഷി ഓഫീസർ | 01-04-2019 | 24-09-2019 |
| ശ്രീമതി മുസ്ഫിറ മുഹമ്മദ് | കൃഷി ഓഫീസർ | 25-09-2019 | 31-03-2020 |
| ശ്രീ. വിപിൻ കൈമൾ | വെറ്ററിനറി സർജൻ | 01-04-2019 | 31-03-2020 |
| ശ്രീ. മുഹമ്മദ് അൻവർ പി | മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | 01-04-2019 | 31-03-2020 |
| ശ്രീ. നവാസ് പി | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 01-04-2019 | 31-03-2020 |
| ശ്രീ. വന്ദന ശിവ | മെഡിക്കൽ ഓഫീസർ (ആയുർവേദം) | 01-04-2019 | 31-03-2020 |

| | | | |
|---|---|---|---|
| ശ്രീ. വിമൽ കുമാർ | വി.ഇ.ഒ | 01-04-2019 | 31-03-2020 |
| ശ്രീമതി. നഷീദ കല്ലായി | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2019 | 31-03-2020 |
| ശ്രീമതി. തിത്തു | ഹെഡ് മിസ്ട്രസ്സ് | 01-04-2019 | 31-03-2020 |
| ??????? ???? | ???????????? ??????????? | 01-04-2019 | 31-03-2020 |

ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Abdul.Gafoor.C (Asst. Audit Officer, On 01-03-2021)<br>Last Updated By: Abdul.Gafoor.C (Asst. Audit Officer, On 30-03-2021) | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക<br>Written By: Abdul.Gafoor.C (Asst. Audit Officer, On 20-03-2021)<br>Last Updated By: Satheesh Maveli (Deputy Director, On 29-03-2021) | 1-2 |
| 3 | സാമ്പത്തിക വിശകലനം<br>Written By: Abdul Sathar C.P (Audit Officer, On 20-03-2021)<br>Last Updated By: Satheesh Maveli (Deputy Director, On 29-03-2021) | 1-3 |
| 4 | ഗ്രാന്റ് വിനിയോഗം<br>Written By: Abdul.Gafoor.C (Asst. Audit Officer, On 01-03-2021)<br>Last Updated By: Satheesh Maveli (Deputy Director, On 29-03-2021) | 1-4 |
| 5 | പദ്ധതിപ്പണം മുഴുവൻ ചെലവഴിച്ചില്ല.തുക ലാപ്സായി<br>Written By: Abdul.Gafoor.C (Asst. Audit Officer, On 25-03-2021)<br>Last Updated By: Satheesh Maveli (Deputy Director, On 30-03-2021) | 1-4-1 |
| 6 | പദ്ധതി അവലോകനം<br>Written By: Abdul.Gafoor.C (Asst. Audit Officer, On 03-03-2021)<br>Last Updated By: Satheesh Maveli (Deputy Director, On 29-03-2021) | 1-5 |
| 7 | തൊഴിലുറപ്പ് പദ്ധതി<br>Written By: Muhammed Fasalurahman (Asst. Audit Officer, On 21-03-2021)<br>Last Updated By: Satheesh Maveli (Deputy Director, On 29-03-2021) | 1-6 |
| 8 | ക്ഷേമ പദ്ധതികൾ<br>Written By: Abdul Sathar C.P (Audit Officer, On 02-03-2021)<br>Last Updated By: Satheesh Maveli (Deputy Director, On 29-03-2021) | 1-7 |
| 9 | ക്യാഷ് ബാലൻസ് പരിശോധന<br>Written By: Bijesh A S (Auditor, On 21-03-2021)<br>Last Updated By: Satheesh Maveli (Deputy Director, On 29-03-2021) | 1-8 |
| 10 | ആഭ്യന്തര നിയന്ത്രണം<br>Written By: Abdul Sathar C.P (Audit Officer, On 20-03-2021)<br>Last Updated By: Satheesh Maveli (Deputy Director, On 29-03-2021) | 1-9 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: Abdul.Gafoor.C (Asst. Audit Officer, On 30-03-2021)<br>Last Updated By: Abdul.Gafoor.C (Asst. Audit Officer, On 30-03-2021) | 1-10 |
| 12 | വാർഷിക കണക്ക് പരിശോധന അപാകതകൾ<br>Written By: Abdul.Gafoor.C (Asst. Audit Officer, On 26-02-2021)<br>Last Updated By: Satheesh Maveli (Deputy Director, On 29-03-2021) | 1-11 |
| 13 | മുൻകാല ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കാനവശേഷിക്കുന്നു.<br>Written By: Abdul Sathar C.P (Audit Officer, On 27-02-2021)<br>Last Updated By: Satheesh Maveli (Deputy Director, On 30-03-2021) | 1-12 |
| 14 | ടെണ്ടർ നടപടികളിൽ സുതാര്യതയും മത്സര ക്ഷമതയും ഉറപ്പാക്കുന്നില്ല.<br>Written By: Muhammed Fasalurahman (Asst. Audit Officer, On 02-03-2021)<br>Last Updated By: Satheesh Maveli (Deputy Director, On 30-03-2021) | 1-13 |
| 15 | പി.ഡബ്ല്യു.ഡി മാന്വൽ നിർദേശങ്ങൾ പാലിക്കുന്നില്ല.<br>Written By: Muhammed Fasalurahman (Asst. Audit Officer, On 01-03-2021)<br>Last Updated By: Satheesh Maveli (Deputy Director, On 30-03-2021) | 1-14 |
| 16 | ഇ. ടെണ്ടർ - ടെണ്ടർ ഫീ പഞ്ചായത്തിൽ അടച്ചില്ല<br>Written By: Muhammed Fasalurahman (Asst. Audit Officer, On 01-03-2021)<br>Last Updated By: Satheesh Maveli (Deputy Director, On 30-03-2021) | 1-15 |
| 17 | | 1-16 |

| | | |
|---|---|---|
| | പൊതു മരാമത്ത് പ്രവൃത്തികൾ- അവലോകനം<br>Written By: Muhammed Fasalurahman (Asst. Audit Officer, On 02-03-2021)<br>Last Updated By: Satheesh Maveli (Deputy Director, On 30-03-2021) | |
| 18 | എയ്ഡഡ് സ്കൂളിലെ ടോയ്ലെറ്റ് നിർമാണം - അപാകതകൾ<br>Written By: Muhammed Fasalurahman (Asst. Audit Officer, On 27-02-2021)<br>Last Updated By: Satheesh Maveli (Deputy Director, On 30-03-2021) | 1-17 |
| 19 | കുടിവെള്ള പദ്ധതി - GI പൈപ്പ് സ്ഥാപിക്കുന്നതിന് അധിക തുക നൽകി.<br>Written By: Muhammed Fasalurahman (Asst. Audit Officer, On 27-02-2021)<br>Last Updated By: Satheesh Maveli (Deputy Director, On 30-03-2021) | 1-18 |
| 20 | എസ്.എസ്.എ വിഹിതം നൽകൽ - പ്രൊജക്ട് നടത്തിപ്പിലെ അപാകതകൾ<br>Written By: Muhammed Fasalurahman (Asst. Audit Officer, On 27-02-2021)<br>Last Updated By: Satheesh Maveli (Deputy Director, On 30-03-2021) | 1-19 |
| 21 | ജെന്റർ റിസോഴ്സ് സെന്റർ പ്രൊജക്ട് - മുൻകൂർ തുക നൽകിയെങ്കിലും നാളിതുവരെ പ്രിന്റർ ലഭ്യമായില്ല<br>Written By: Shajahan Khuraisi (Asst. Audit Officer, On 23-02-2021)<br>Last Updated By: Satheesh Maveli (Deputy Director, On 30-03-2021) | 1-20 |
| 22 | വീട് വാസയോഗ്യമാക്കൽ പദ്ധതി - അപാകതകൾ<br>Written By: Shajahan Khuraisi (Asst. Audit Officer, On 02-03-2021)<br>Last Updated By: Satheesh Maveli (Deputy Director, On 30-03-2021) | 1-21 |
| 23 | മുൻകൂർ നല്കി: മരുന്നുകൾ മുഴുവൻ ലഭ്യമായില്ല.<br>Written By: Abdul Sathar C.P (Audit Officer, On 02-03-2021)<br>Last Updated By: Satheesh Maveli (Deputy Director, On 30-03-2021) | 1-22 |
| 24 | കണ്ടിജന്റ് രജിസ്റ്റർ തയ്യാറാക്കുന്നില്ല.<br>Written By: Abdul Sathar C.P (Audit Officer, On 02-03-2021)<br>Last Updated By: Satheesh Maveli (Deputy Director, On 30-03-2021) | 1-23 |
| 25 | വാർഡ് ശുചീകരണ കമ്മറ്റികളുടെ ബാങ്ക് അക്കൗണ്ടുകളിൽ പണം ചെലവഴിക്കാതെ നിലനിൽക്കുന്നു.<br>Written By: Abdul Sathar C.P (Audit Officer, On 02-03-2021)<br>Last Updated By: Satheesh Maveli (Deputy Director, On 30-03-2021) | 1-24 |
| 26 | പെണ്ണാടുകളെ വിതരണം ചെയ്യൽ(വനിത)പ്രൊജക്ട് -അപാകതകൾ<br>Written By: Shajahan Khuraisi (Asst. Audit Officer, On 02-03-2021)<br>Last Updated By: Satheesh Maveli (Deputy Director, On 30-03-2021) | 1-25 |
| 27 | വസ്തു നികുതി - മേഖലകളെ അശാസ്ത്രീയമായി തരം തിരിക്കുന്നു<br>Written By: Bijesh A S (Auditor, On 02-03-2021)<br>Last Updated By: Satheesh Maveli (Deputy Director, On 30-03-2021) | 1-26 |
| 28 | വസ്തു നികുതി നിർണ്ണയിച്ചതിൽ അപാകത<br>Written By: Bijesh A S (Auditor, On 02-03-2021)<br>Last Updated By: Satheesh Maveli (Deputy Director, On 30-03-2021) | 1-27 |
| 29 | ബി.എസ്.എൻ.എൽ - സ്ഥാപന തൊഴിൽ നികുതി അടക്കുന്നില്ല<br>Written By: Bijesh A S (Auditor, On 02-03-2021)<br>Last Updated By: Satheesh Maveli (Deputy Director, On 30-03-2021) | 1-28 |
| 30 | പഞ്ചായത്ത് പ്രദേശത്ത് അനധികൃതമായി പ്രവർത്തിക്കുന്ന ഓഡിറ്റോറിയം സംബന്ധിച്ച്<br>Written By: Bijesh A S (Auditor, On 02-03-2021)<br>Last Updated By: Satheesh Maveli (Deputy Director, On 30-03-2021) | 1-29 |
| 31 | | 1-30 |

| | | |
|---|---|---|
| | ആസ്തി സംരക്ഷണ പദ്ധതി -നടപ്പിലായില്ല<br>Written By: Abdul.Gafoor.C (Asst. Audit Officer, On 26-02-2021)<br>Last Updated By: Satheesh Maveli (Deputy Director, On 30-03-2021) | |
| 32 | വ്യാപാരസ്ഥാപനങ്ങളുടെ ലൈസൻസ് പരിശോധന -അപാകതകൾ<br>Written By: Bijesh A S (Auditor, On 02-03-2021)<br>Last Updated By: Satheesh Maveli (Deputy Director, On 30-03-2021) | 1-31 |
| 33 | ദുരിതാശ്വാസ നിധി നല്ല രൂപത്തിൽ പരിപാലിക്കേണ്ടതാണ്.<br>Written By: Abdul Sathar C.P (Audit Officer, On 01-03-2021)<br>Last Updated By: Satheesh Maveli (Deputy Director, On 30-03-2021) | 1-32 |
| 34 | വിനിയോഗ / പൂർത്തീകരണ സാക്ഷ്യപത്രം ഹാജരാക്കിയില്ല<br>Written By: Abdul.Gafoor.C (Asst. Audit Officer, On 26-02-2021)<br>Last Updated By: Satheesh Maveli (Deputy Director, On 30-03-2021) | 1-33 |
| 35 | വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല<br>Written By: Abdul.Gafoor.C (Asst. Audit Officer, On 26-02-2021)<br>Last Updated By: Satheesh Maveli (Deputy Director, On 30-03-2021) | 1-34 |
| 36 | മുൻകൂർ ക്രമീകരിക്കാത്തത്<br>Written By: Abdul.Gafoor.C (Asst. Audit Officer, On 25-03-2021)<br>Last Updated By: Satheesh Maveli (Deputy Director, On 30-03-2021) | 1-35 |
| 37 | പരുവണ്ണ അംഗൻവാടിക്ക് സ്ഥലം വാങ്ങൽ -അപാകതകൾ<br>Written By: Abdul.Gafoor.C (Asst. Audit Officer, On 26-02-2021)<br>Last Updated By: Satheesh Maveli (Deputy Director, On 30-03-2021) | 1-36 |
| | **ഭാഗം 2** | |
| | --- No Records Found --- | |
| | **ഭാഗം 3** | |
| 1 | കുടിവെള്ള പദ്ധതി - GI പൈപ്പ് സ്ഥാപിക്കുന്നതിന് അധിക തുക നൽകി.<br>Written By: Muhammed Fasalurahman (Asst. Audit Officer, On 27-02-2021)<br>Last Updated By: Satheesh Maveli (Deputy Director, On 30-03-2021) | 3-1 |
| | **ഭാഗം 4** | |
| 1 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.<br>Written By: Abdul Sathar C.P (Audit Officer, On 04-03-2021)<br>Last Updated By: Satheesh Maveli (Deputy Director, On 30-03-2021) | 4-1 |
| 2 | സംയുക്ത പ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Abdul Sathar C.P (Audit Officer, On 04-03-2021)<br>Last Updated By: Satheesh Maveli (Deputy Director, On 30-03-2021) | 4-2 |
| 3 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: Abdul Sathar C.P (Audit Officer, On 04-03-2021)<br>Last Updated By: Satheesh Maveli (Deputy Director, On 30-03-2021) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ<br>Written By: Abdul Sathar C.P (Audit Officer, On 04-03-2021)<br>Last Updated By: Satheesh Maveli (Deputy Director, On 30-03-2021) | 4-4 |
| 5 | വായ്പ/വായ്പ തിരിച്ചടവ്<br>Written By: Abdul Sathar C.P (Audit Officer, On 04-03-2021)<br>Last Updated By: Satheesh Maveli (Deputy Director, On 30-03-2021) | 4-5 |
| 6 | സ്ഥിര നിക്ഷേപം<br>Written By: Abdul Sathar C.P (Audit Officer, On 05-03-2021) | 4-6 |

| | | |
|---|---|---|
| | Last Updated By: Satheesh Maveli (Deputy Director, On 30-03-2021) | |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: Abdul Sathar C.P (Audit Officer, On 05-03-2021)<br>Last Updated By: Satheesh Maveli (Deputy Director, On 30-03-2021) | 4-7 |
| 8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.<br>Written By: Abdul Sathar C.P (Audit Officer, On 05-03-2021)<br>Last Updated By: Satheesh Maveli (Deputy Director, On 30-03-2021) | 4-8 |
| 9 | ചാർജ് സർചാർജ് നടപടികളുടെ വിവരം.<br>Written By: Abdul Sathar C.P (Audit Officer, On 05-03-2021)<br>Last Updated By: Satheesh Maveli (Deputy Director, On 30-03-2021) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Abdul Sathar C.P (Audit Officer, On 05-03-2021)<br>Last Updated By: Satheesh Maveli (Deputy Director, On 30-03-2021) | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ<br>Written By: Abdul Sathar C.P (Audit Officer, On 05-03-2021)<br>Last Updated By: Satheesh Maveli (Deputy Director, On 30-03-2021) | 4-11 |
| | **അനുബന്ധം** | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |

## ഭാഗം -1

### 1-1 ബജറ്റ്.

1994-കേരള രാജ് ആക്ട് വകുപ്പ് 214 ഉപ വകുപ്പ് (1) പ്രകാരം സർക്കാർ അതത് സമയം പുറപ്പെടുവിക്കുന്ന നിർദ്ദേശങ്ങൾക്കും നിർണ്ണയിക്കപ്പെടുന്ന ചട്ടങ്ങൾക്കും വിധേയമായി വാർഷിക ബജറ്റ് രൂപീകരിക്കേണ്ടതാണ്. 8.2.2019 ലെ 1 ാം നമ്പർ തീരുമാനപ്രകാരം 2019-20 ലെ ബജറ്റ് ഭരണസമിതി അംഗീകരിച്ചിട്ടുണ്ട്. എന്നാൽ സ.ഉ(സാധാ)നം.3291/2016/ത.സ്വ.ഭ.വ തി.2.12.2016 പ്രകാരം ഗ്രാമ പഞ്ചായത്തുകളുടെ ബജറ്റ് മാന്വൽ അനുസരിച്ച് പദ്ധതിയേതര നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിനും ക്രോഡീകരിക്കുന്നതിനും ബജറ്റ് തയ്യാറാക്കുന്നതിനും സമയക്രമം നിശ്ചയിച്ചിട്ടുണ്ട്. എന്നാൽ 2019-20 സാമ്പത്തിക വർഷത്തെ ബജറ്റ് രൂപീകരണം സംബന്ധിച്ച നടപടിക്രമങ്ങളുടെ രേഖപ്പെടുത്തൽ സംബന്ധിച്ച താഴെപറയുന്ന രേഖകൾ ഹാജരാക്കിയില്ല.

1.വിവിധ സ്ഥാപനങ്ങളിലെ തലവൻമാർ സമർപ്പിക്കേണ്ട Annexure 1&2 പ്രകാരമുള്ള ബജറ്റ് പ്രൊപ്പോസൽ.

2.പഞ്ചായത്ത് ഓഫീസിന്റെ പ്രൊപ്പോസൽ Annexure 3&4 പ്രകാരം സെക്രട്ടറി തയ്യാറാക്കിയത്.

3. ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റികൾ ബജറ്റ് നിർദ്ദേശങ്ങൾ തയ്യാറാക്കിയത് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിക്ക് സമർപ്പിച്ചത് Annexure 5.1&5.2

4.ബജറ്റിന്റെ വാർഷിക റിവ്യൂ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി നടത്തുകയോ ഇതു സംബന്ധിച്ച റിപ്പേർട്ട് പഞ്ചായത്ത് കമ്മിറ്റിക്ക് നൽകിയതായോ കാണുന്നില്ല.

5.ബഡ്ജറ്റിന്റെ പകർപ്പ് സംസ്ഥാന ഓഡിറ്റ് വകുപ്പിന് സമർപ്പിച്ചിട്ടില്ല.

<u>വകയിരുത്തിയതിൽ കൂടുതൽ ചെലവഴിച്ചു.</u>

1994-കേരള രാജ് ആക്ട് വകുപ്പ് 214(8) പ്രകാരം ബജറ്റിൽ വകയിരുത്തിയതിൽ കവിഞ്ഞ എന്തെങ്കിലും ചെലവ് വരുത്താൻ പാടില്ല. എന്നാൽ താഴെപറയുന്ന ഇനങ്ങളിൽ ബജറ്റിൽ വകയിരുത്തിയതിൽ അധികം ചെലവ് ചെയ്തു.

| ഇനം | വകയിരുത്തിയ തുക | ചെലവഴിച്ച തുക |
|---|---|---|
| കാർഷിക വികസന പരിപാടികൾ | 25000 | 38055 |
| റോഡ് ഇതര ആസ്തികൾക്കുള്ള മെയിന്റനൻസ് പ്രൊജക്ടുകൾ | 400000 | 496117 |
| ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്കുള്ള പരിപാടികൾ | 1250000 | 2350000 |

2.<u>ബജറ്റ് പ്രൊവിഷൻ വെക്കാതെ തുക ചെലവഴിച്ചു.</u>

| ഇനം | ചെലവു തുക |
|---|---|
| കൃഷിയും അനുബന്ധമേഖലകളും -മറ്റ് വിളകൾ | 1283937 |
| മൃഗസംരക്ഷണം -മുട്ട കോഴി/താറാവ് വളർത്തൽ | 239250 |
| മൃഗസംരക്ഷണം-പാശ്ചാത്തല സൗകര്യങ്ങൾ | 94990 |
| മണ്ണ് ജല സംരക്ഷണം | 364865 |
| കല സംസ്കാരം | 48440 |
| അനൗപചാരിക വിദ്യാഭ്യാസവും തുടർ വിദ്യാഭ്യാസവും | 102000 |
| പൊതു ആരോഗ്യ പരിപാടികൾ | 677971 |
| മരുന്നുകൾ | 349057 |
| | |

| | |
|---|---|
| ശുചിത്വം | 592844 |
| ദാരിദ്ര്യ ലഘൂകരണ പരിപാടികൾ | 9225 |
| വനിതാ ക്ഷേമം | 62429 |
| ഊർജ്ജ സംരക്ഷണം | 194000 |
| കുടിവെള്ള അനുബന്ധ പ്രൊജക്ടുകൾ | 20000 |
| പഞ്ചായത്തുകളുടെ കമ്പ്യൂട്ടർ വത്കരണം | 28025 |

ബജറ്റിൽ മേൽ വ്യതിയാനങ്ങൾ നിലനിൽക്കെ 4.2.2020– ൽകൂടിയ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി 2019-20 വർഷത്തെ ബജറ്റ് അതേപടി നിലനിർത്തുന്നതിന് തീരുമാനിച്ചിട്ടുണ്ട്. ബജറ്റ് പാസാക്കിയ ശേഷം വരവ് ചെലവുകളിൽ അനിവാര്യമായ മാറ്റം ആവശ്യമാണെങ്കിൽ സപ്ലിമെന്ററി ബജറ്റ് പാസാക്കണമെന്നിരിക്കെ മേൽ വ്യതിയാനത്തിനനുസരിച്ച് സപ്ലിമെന്ററി ബജറ്റ് പാസാക്കാത്തത് ഗൗരവമായ വീഴ്ചയാണ്. ബജറ്റ് തയ്യാറാക്കുന്നതിൽ 1994-കേരള രാജ് ആക്ട് വകുപ്പ് 214 ഉപ വകുപ്പ് വ്യവസ്ഥകൾ കർശനമായും പാലിക്കേണ്ടതാണ്. (മേൽ അപാകത പരാമർശിച്ച് ഓഡിറ്റ് എൻക്വയറി നം. 19/25.2.20121 നൽകിയതിന് നിർവ്വഹണ ഉദ്യോഗസ്ഥർ സുലേഖ സോഫ്റ്റ് വെയറിൽ പദ്ധതി വിവരങ്ങൾ ചേർക്കുന്ന സമയത്ത് ഹെഡ് കോഡ് ശ്രദ്ധിക്കാതെ വിവരങ്ങൾ ചേർക്കുന്നതിനാൽ ബില്ലിലും പ്രസ്തുത കോഡ് വരുകയും E Bill Vocher Generation Option വഴി ചെലവ് തുക ലോക്കൽ സാംഖ്യയിലെ രസീത് &പേയ്മെന്റ് സ്റ്റേറ്റ്മെന്റിൽ രേഖപ്പെടുത്തുമ്പോൾ ഹെഡ്കോഡ് തെറ്റി വരുകയാണ് ചെയ്യുന്നത് എന്നും വ്യത്യാസം മേലിൽ ശ്രദ്ധിക്കുന്നതാണ് എന്ന മറുപടിയാണ് ലഭ്യമാക്കിയത്.)

## 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2020 | 05.05.2020 | - | - |

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 1,12,67,686 |
| ഓഡിറ്റ് വർഷത്തെ വരവ് | 6,69,06,564 |
| ആകെ | 7,81,74,250 |
| ഓഡിറ്റ് വർഷത്തെ ചെലവ് | 6,45,03,084 |
| നീക്കിയിരിപ്പ് | 1,36,71,166 |
| നഷ്ടം | 0 |
| നിരാകരിച്ച തുക | 11,315 |

## 1-4 ഗ്രാന്റ് വിനിയോഗം

| ഗ്രാന്റ് | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ ലാപ്സായ തുക | കുറിപ്പ് |
|---|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 0 | 20432000 | 20432000 | 15658526 | 4773474 | |
| വികസന ഫണ്ട് (എസ്.സി.പി) | 0 | 3290000 | 3290000 | 2572016 | 717984 | |
| സംരക്ഷണ ഗ്രാന്റ് | 0 | 11314000 | 11314000 | 6246033 | 5067967 | |

| | | | | | | |
|---|---|---|---|---|---|---|
| (റോഡ്) | | | | | | |
| സംരക്ഷണ ഗ്രാന്റ് (നോൺ റോഡ്) | 0 | 4702000 | 4702000 | 2864966 | 1837034 | |
| ധനകാര്യകമ്മീഷൻ ഗ്രാന്റ് (സെൻട്രൽ) | 0 | 12057972 | 12057972 | 8413368 | 3644604 | |
| എൻ.ആർ.ഇ.ജി.എസ് (അഡ്മിനിസ്ട്രേഷൻ) | 6796 | 829291 | 836087 | 496887 | 339200 | |
| എൻ.ആർ.ഇ.ജി.എസ് (തൊഴിലാളികളുടെ കൂലി) | 0 | 8413000 | 8413000 | 8413000 | 0 | |
| കേന്ദ്രാവിഷ്കൃതം (ഐ.സി.ഡി.എസ്) | 410104 | 1001483 | 1411587 | 1111301 | 300286 | |

## 1-4-1 പദ്ധതിപ്പണം മുഴുവൻ ചെലവഴിച്ചില്ല.തുക ലാപ്സായി

2019-20 ലെ പദ്ധതികൾക്കായി തുക വകയിരുത്തിയതിന്റെയും ചെലവഴിച്ചതിന്റെയും വിവരം ചുവടെ കൊടുക്കുന്നു.

| ക്രമ നം | ഫണ്ടിനം | ലഭ്യമായ തക (ACR പ്രകാരം) | ചെലവ് (ACR പ്രകാരം) | ചെലവ് ശതമാനം | ലാപ്സായ തുക |
|---|---|---|---|---|---|
| 1 | പ്ലാൻ ഫണ്ട് ജനറൽ | 20432000 | 15658526 | 76.63 | 4773474 |
| 2 | പ്ലാൻ ഫണ്ട് SCP | 3290000 | 2572016 | 78.17 | 717984 |
| 3 | ധനകാര്യ കമ്മീഷൻ ഗ്രാൻറ് | 12057972 | 8413368 | 69.77 | 3644604 |
| 4 | മെയിന്റനൻസ് ഗ്രാന്റ് R | 11314000 | 6246033 | 55.20 | 5067967 |
| 5 | മെയിന്റനൻസ് ഗ്രാന്റ് NR | 4702000 | 2864966 | 60.93 | 1837034 |
| | ആകെ | 51795972 | 35754909 | 69.03 | 16041063 |

ആകെ 69% തുക മാത്രമാണ് ചെലവഴിച്ചിട്ടുള്ളത്. ലഭ്യമായ ഗ്രാന്റുകൾ അതത് വർഷം തന്നെ ചെലവഴിക്കുന്നില്ലെങ്കിൽ അത് നഷ്ടപ്പെടുന്ന രീതിയാണ് നിലവിൽ ഉള്ളത്. പഞ്ചായത്തിന്റെ വികസന പ്രവർത്തനങ്ങൾക്ക് വിനിയോഗിക്കേണ്ടിയിരുന്ന ഒരു കോടി അറുപത് ലക്ഷത്തിൽപരം രൂപയാണ് 2019-20 ൽ നഷ്ടമായത്. സമയക്രമം പാലിച്ച് പദ്ധതി പ്രവർത്തനങ്ങൾ ആരംഭിക്കേണ്ടതും സമയബന്ധിതമായി പദ്ധതികൾ പൂർത്തീകരിക്കുന്നതിനും കൂടുതൽ ശ്രദ്ധ പതിപ്പിക്കേണ്ടതാണ്.

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രൊജക്ടുകൾ നടപ്പിലാക്കിയതിന്റെ വിവരം.

| അംഗീകാരം ലഭിച്ചത് (എണ്ണം) | അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | ചെലവഴിച്ച തുക | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രൊജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 251 | 88316503 | 156 | 50691968 | 48 | 95 | 62.15 |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 6796 | 829291 | 836087 | 496887 | 339200 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | 0 | 8413000 | 8413000 | 8413000 | 0 |

## 1-7 ക്ഷേമ പദ്ധതികൾ

| ക്ഷേമപദ്ധതികളുടെ പേര് | ചെലവു തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽ രഹിത വേതനം | 40200 | 27 |
| കർഷക തൊഴിലാളി പെൻഷൻ | 1315800 | 159 |
| വിധവാ പെൻഷൻ | 8948400 | 1123 |
| വാർധക്യകാല പെൻഷൻ | 16018500 | 1974 |
| വികലാംഗ പെൻഷൻ | 3809900 | 462 |
| വിവാഹ ധനസഹായം | 60000 | 2 |
| 50വയസ്സിനു മുകളിലുള്ള വനിതാ പെൻഷൻ | 253800 | 32 |

## 1-8 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 18.02.2021 ന് 03:00 Pm ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. ഫ്രണ്ട് ഓഫീസിൽ കാഷ് കളക്ഷനായി ഉണ്ടായിരുന്ന 16950/- രൂപയുടെ കൃത്യത അന്നത്തെ ഡേ-ബുക്കിലെ തുകയുമായി ഒത്തു നോക്കി ഉറപ്പു വരുത്തി.

## 1-9 ആഭ്യന്തര നിയന്ത്രണം

1. 2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 5 പ്രകാരം അതാത് ദിവസം കാഷ് ബുക്ക് സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. എന്നാൽ കാഷ് ബുക്കിനു പകരം കാഷ് ബുക്ക് സമ്മറിയാണ് പഞ്ചായത്തിൽ തയ്യാറാക്കി സൂക്ഷിക്കുന്നത്. ടി അപാകത പരിഹരിക്കേണ്ടതാണ്.

2. 2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 80 പ്രകാരം ആസ്തി രജിസ്റ്ററുകൾ സെക്രട്ടറിയാണ് രേഖപ്പെടുത്തി സൂക്ഷിക്കേണ്ടത്. എന്നാൽ സെക്രട്ടറിയും, അസിസ്റ്റന്റ് എഞ്ചിനിയറും ഇക്കാര്യത്തിൽ ഉത്തരവാദിത്തമില്ലാത്ത നിലപാടാണ് സ്വീകരിക്കുന്നത്. തൻവർഷം പ്രൊജക്ട് നം. 252/20 പ്രകാരം ആസ്തി രജിസ്റ്റർ കാലികമാക്കൽ എന്ന പദ്ധതി നടപ്പാക്കി തുക നൽകിയിട്ടുണ്ടെങ്കിലും, ആയത് പ്രകാരം തയ്യാറാക്കിയ ആസ്തി രജിസ്റ്റർ സ്റ്റോക്കിലെടുത്തതിന്റെയോ, ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് വിതരണം ചെയ്തതിന്റെയോ രേഖകൾ ഇല്ല. രജിസ്റ്റർ ഉത്തരവാദപ്പെട്ടവർ പരിശോധിച്ച് സാക്ഷ്യപ്പെടുത്തിയിട്ടുമില്ല.

3. 2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 65 പ്രകാരമുള്ള വാർഷിക റിപ്പോർട്ട്, ചട്ടത്തിലെ (ഡി) പ്രകാരമുള്ള നടപടികൾ സഹിതം പ്രസിദ്ധീകരിച്ചതായി കാണുന്നില്ല.

4. 2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 57, 58 എന്നിവ പ്രകാരമുള്ള കാലയളവിന്റെ അവസാനത്തെ നടപടികൾ ക്രമ പ്രകാരം നിർവ്വഹിക്കുന്നില്ല.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തിയ്യതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തിയ്യതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 06-02-2021 | 1/4/2020 മുതൽ 31/08/2020 വരെ | ലഭിച്ചിട്ടില്ല |
| എ.ജി ഓഡിറ്റ് | 30/08/2017 | 2012-13 മുതൽ 2016-17 വരെ | 23/10/2017 |

## 1-11 വാർഷിക കണക്ക് പരിശോധന അപാകതകൾ

2019-20 വാർഷിക കണക്ക് പരിശോധിച്ചതിൽ താഴെപറയുന്ന അപാകതകൾ കാണുന്നു.

1. B-4 ഷെഡ്യൂളിൽ ഉൾപ്പെട്ട ചെലവഴിക്കാൻ അവശേഷിക്കുന്ന ഗ്രാന്റുകളെ സാധൂകരിക്കുന്ന രീതിയിൽ ആവശ്യമായ രജിസ്റ്ററുകൾ സൂക്ഷിക്കുന്നില്ല.

2. ഗ്രാമപഞ്ചായത്തിലെ തൊഴിൽ നികുതിയിനത്തിൽ വാർഷിക ധനകാര്യ പത്രികയും, ഗ്രാമപഞ്ചായത്തിലെ ഡി.സി.ബി സ്റ്റേറ്റ്മെന്റും തമ്മിൽ വ്യത്യാസം കാണുന്നു. വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു

| തൊഴിൽ നികുതി തരം | ഡിമാന്റ് | | കളക്ഷൻ | | ബാലൻസ് | |
|---|---|---|---|---|---|---|
| | AFS പ്രകാരം | DCB പ്രകാരം | AFS പ്രകാരം | DCB പ്രകാരം | AFS പ്രകാരം | DCB പ്രകാരം |
| ജീവനക്കാർ | 1329530 | 1342380 | 1316780 | 1329530 | 12750 | 12850 |
| സ്ഥാപനം | 428480 | 432230 | 424730 | 428480 | 3750 | 3750 |

## 1-12 മുൻകാല ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കാനവശേഷിക്കുന്നു.

കോഡൂർ ഗ്രാമ പഞ്ചായത്തിന്റെ 1988-91 മുതലുള്ള 24 ഓഡിറ്റ് റിപ്പോർട്ടുകളിലായി 253 ഓഡിറ്റ് ഖണ്ഡികകൾ തീർപ്പാക്കാനവശേഷിക്കുന്നുണ്ട്. ഇവയിൽ 1999-00 മുതലുള്ള 208 ഖണ്ഡികകൾക്ക് മറുപടി അയച്ചതായി ഫയലിൽ കാണുന്നു. അവശേഷിക്കുന്ന 45 ഖണ്ഡികകൾക്ക് കൂടി ഉടൻ മറുപടി അയച്ച് ഓഡിറ്റ് തടസ്സങ്ങൾ തീർപ്പാക്കാൻ നടപടി ത്വരിതപ്പെടുത്തേണ്ടതാണ്.

## 1-13 ടെണ്ടർ നടപടികളിൽ സുതാര്യതയും മത്സര ക്ഷമതയും ഉറപ്പാക്കുന്നില്ല.

2019-20 വർഷത്തിൽ അംഗീകാരം ലഭിച്ച ഭൂരിപക്ഷം മരാമത്ത് പ്രവൃത്തികളും ടെണ്ടർ മുഖേനയാണ് നടത്തിയത്. അഞ്ച് ലക്ഷവും അതിന് മുകളിലും അടങ്കലുള്ള പ്രവൃത്തികൾ ഇ-ടെണ്ടർ മുഖേനയും അതിൽ കുറവ് അടങ്കലുള്ളവ മാന്വൽ ടെണ്ടറും ആയാണ് പ്രവൃത്തികൾ ടെണ്ടർ ചെയ്തത്.

ടെണ്ടർ ചെയ്ത 126 പ്രവൃത്തികളിൽ, ഇ ടെണ്ടർ ചെയ്ത 24 എണ്ണം ഒഴികെ മാന്വൽ ടെണ്ടർ ചെയ്ത എല്ലാ പ്രവൃത്തികളിലും രണ്ട് കരാറുകാർ മാത്രമാണ് ടെണ്ടർ സമർപ്പിച്ചിട്ടുള്ളത്. ഇവയിൽ ഒരു കരാറുകാരൻ എസ്റ്റിമേറ്റ് നിരക്കും/ എസ്റ്റിമേറ്റ് നിരക്കിനേക്കാൾ വളരെക്കുറഞ്ഞ കുറവും ക്വോട്ട് ചെയ്യുകയും അപരൻ എസ്റ്റിമേറ്റ് നിരക്കിനെക്കാൾ ഉയർന്ന നിരക്കും ക്വോട്ട് ചെയ്യുന്നു. എല്ലാ പ്രവൃത്തികളും എസ്റ്റിമേറ്റ് നിരക്കിന്/എസ്റ്റിമേറ്റ് നിരക്കിനെക്കാൾ വളരെക്കുറഞ്ഞ കുറവിന് കരാർ ചമക്കുകയുമാണ് ചെയ്തിരിക്കുന്നത്.

മാന്വൽ ടെണ്ടർ ചെയ്ത പ്രവൃത്തികളിൽ 7 എണ്ണം ഒഴികെ ബാക്കി എല്ലാ പ്രവൃത്തികളും എസ്റ്റിമേറ്റ് നിരക്കിനും, 7 എണ്ണം എസ്റ്റിമേറ്റ് നിരക്കിനെക്കാൾ വളരെക്കുറഞ്ഞ കുറവിനാണ് കരാർ ചമച്ചത്. കരാറുകാർ ക്വോട്ട് ചെയ്ത ഏറ്റവും ഉയർന്ന കുറവ് കേവലം 0.3 % മാത്രമാണ്.

2019-20 വർഷത്തിൽ ആകെ മുപ്പതിലധികം കരാറുകാർ പഞ്ചായത്തിൽ വിവിധ പ്രവൃത്തികളുടെ മാന്വൽ ടെണ്ടറിന് ടെണ്ടർ സമർപ്പിച്ചിട്ടുണ്ട് എന്നിട്ടും എല്ലാ പ്രവൃത്തികൾക്കും രണ്ട് കരാറുകാരുടെ ടെണ്ടർ മാത്രമാണ് പഞ്ചായത്തിന് ലഭിച്ചിട്ടുള്ളത് എന്നതിൽ നിന്നും, ടെണ്ടർ നിരക്ക് ക്വോട്ട് ചെയ്തത് പരിശോധിച്ചതിലും കരാറുകാർ കൂടുതൽ ലാഭമുണ്ടാക്കുന്നതിനായി അന്യായമായി സംഘം ചേർന്നതാണ് എന്ന് വ്യക്തമാകുന്നുണ്ട്.

ഇത്തരത്തിലുള്ള പ്രവണതകൾ തടയുന്നതിന് എല്ലാ പ്രവൃത്തികളും ഇ ടെണ്ടർ ചെയ്യുന്നതും, ടെണ്ടർ പരസ്യത്തിന് കൂടുതൽ പ്രചാരം നൽകുന്നതിന് സർക്കാർ നിർദ്ദേശിച്ച നടപടികൾ സ്വീകരിക്കുന്നതിനെക്കുറിച്ചും ചർച്ച ചെയ്ത് ഉചിതമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-14 പി.ഡബ്ല്യു.ഡി മാന്വൽ നിർദേശങ്ങൾ പാലിക്കുന്നില്ല.

ഗ്രാമപഞ്ചായത്തുകളിൽ പൊതുമരാമത്ത് പ്രവൃത്തികൾ നടപ്പാക്കുന്നത് 1997 ലെ കേരള പഞ്ചായത്ത് രാജ് (പൊതു മരാമത്ത് പണികളുടെ നടത്തിപ്പ്) ചട്ടങ്ങൾ അടിസ്ഥാനമാക്കിയാണ്. ഈ ചട്ടങ്ങളിൽ മറ്റുവിധത്തിൽ വ്യക്തമായി പറഞ്ഞിട്ടുള്ള സംഗതികൾ ഒഴികെ മറ്റു സംഗതികളിൽ പൊതുമരാമത്ത് വകുപ്പിൽ തൽസമയം അനുവർത്തിച്ചുവരുന്ന നടപടിക്രമം പാലിക്കേണ്ടതാണ് എന്ന് ചട്ടം 18 ൽ വ്യക്തമാക്കിയിട്ടുണ്ട്.

പൊതു മരാമത്ത് വകുപ്പിൽ നിലവിൽ 2012 ലെ പൊതു മരാമത്ത് മാന്വൽ അടിസ്ഥാനമാക്കിയാണ് ഇത്തരം കാര്യങ്ങളിൽ തീരുമാനം എടുക്കുന്നത്. എന്നാൽ പ്രവൃത്തി പൂർത്തീകരണ കാലാവധി, നിശ്ചിത സമയത്തിനകം പൂർത്തീകരിക്കാത്ത പ്രവൃത്തികൾക്ക് പിഴ ചുമത്തൽ എന്നിവയിൽ പൊതുമരാമത്ത് മാന്വലിലെ നിർദ്ദേശങ്ങൾ പഞ്ചായത്തിൽ പാലിക്കുന്നില്ല എന്ന് കാണുന്നു.

<u>പ്രവൃത്തി പൂർത്തീകരണ കാലയളവ്</u>

പൊതുമരാമത്ത് മാന്വൽ പ്രകാരം മരാമത്തിന്റെ പൂർത്തീകരണ കാലാവധി ശാസ്ത്രീയ മാനദണ്ഡങ്ങൾ ഉപയോഗിച്ച് ശരിയായി വിശകലനം ചെയ്ത് Tender Schedule ൽ വ്യക്തമാക്കണം. കാലാവസ്ഥാ വ്യതിയാനം, പ്രവൃത്തിയുടെ മൂല്യം, നിർമ്മാണ സാമഗ്രികൾ സംഭരിക്കാനാവശ്യമായ സമയം, വിവിധ ഇനങ്ങൾക്ക് ആവശ്യമായ സമയ ക്രമം (Curing Etc), മറ്റെല്ലാ ഘടകങ്ങളും സമയ പരിധി നിശ്ചയിക്കുന്നതിന് പരിഗണിക്കേണ്ടതാണ്. പൂർത്തീകരണ കാലാവധി സൈറ്റ് കൈമാറുന്ന തിയതി മുതൽക്കാണ് കണക്കാക്കുന്നത് (കേരള പൊതുമരാമത്ത് മാന്വൽ 2012 Section 2005)

എന്നാൽ പ്രവൃത്തികളുടെ പൂർത്തീകരണ കാലയളവ് നിശ്ചയിക്കുന്നതിൽ മേൽ നിർദ്ദേശങ്ങൾ പാലിക്കുന്നതായി കാണുന്നില്ല.

<u>കാലാവധി ദീർഘീകരണം (Extension Of Time) & പിഴ</u>

പൊതുമരാമത്ത് മാന്വൽ പ്രകാരം കരാറുകാരന്റേതല്ലാത്ത കാരണത്താൽ പ്രവൃത്തി നിശ്ചിത സമയത്തിനകം പൂർത്തീകരിക്കാൻ കഴിയാതെ വരുകയാണെങ്കിൽ ദീർഘീകരണത്തിനുള്ള അപേക്ഷ കരാറുകാരൻ അസിസ്റ്റന്റ് എഞ്ചിനീയർ മുഖേന കാലാവധി തീരുന്നതിന് മുമ്പായി നൽകേണ്ടതാണ്. ഇപ്രകാരം അപേക്ഷിക്കുമ്പോൾ പ്രവൃത്തിയുടെ ഒറിജിനൽ സമയത്തിന്റെ 25% ഗ്രേസ് പീരീഡ് ആയി അനുവദിക്കാവുന്നതാണ്.

കരാറുകാരന്റെ പിഴവ് മൂലം തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിലെ പൊതുമരാമത്ത് പ്രവൃത്തികളുടെ പൂർത്തീകരണ കാലാവധി ദീർഘിപ്പിക്കേണ്ടുന്ന ഘട്ടത്തിൽ, കരാറുകാരൻ നിർവ്വഹണോദ്യോഗസ്ഥൻ മുഖേന അപേക്ഷ നൽകേണ്ടതും, പ്രസ്തുത അപേക്ഷയിൽ ഭരണ സമിതിയുടെ അനുമതി വാങ്ങി, PAC യുടെ 1% ഫൈൻ ഈടാക്കിക്കൊണ്ട് പൂർത്തീകരണ കാലാവധിയുടെ 25% വരെ (പരമാവധി ആറ് മാസം, ഏതാണൊ കുറവ് അത്) ഒറ്റത്തവണ ദീർഘിപ്പിച്ച് നൽകാവുന്നതാണ്. തുടർന്നും കാലാവധി ദീർഘിപ്പിക്കുന്ന പക്ഷം 2% പിഴ ഈടാക്കണം. എന്നാൽ, പരമാവധി ദീർഘിപ്പിക്കൽ ആകെ പൂർത്തീകരണ സമയത്തിന്റെ 50% ത്തിൽ അധികരിക്കാവുന്നതല്ല. ഈ കാലാവധിയ്ക്ക് ശേഷവും പൂർത്തീകരിക്കാത്ത പ്രവർത്തി ആധികാരികമല്ല. ഇപ്രകാരമുള്ള പ്രവൃത്തികൾ ക്രമീകരിച്ച ശേഷമേ കരാറുകാരന് തുക നൽകാവൂ. (പൊതുമരാമത്ത് വകുപ്പ് മാന്വൽ-2012 (ജി.ഒ. (പി) 13/2012/PWD/01.02.2012), സെക്ഷൻ 2112 പ്രകാരം)

എന്നാൽ പ്രവൃത്തി പൂർത്തീകരണ കാലാവധി ദീർഘിപ്പിക്കുന്നത് സംബന്ധിച്ച് 2012 PWD മാന്വലിലെ മേൽ നിബന്ധനകൾ അല്ല പഞ്ചായത്തിൽ കരാറിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

<u>പ്രവൃത്തി പൂർത്തീകരണ സമയം കരാറിൽ വ്യക്തമാക്കുന്നില്ല.</u>

ടെണ്ടർ ഷെഡ്യൂളിൽ പരാമർശിച്ച അംഗീകരിച്ച പ്രവൃത്തി പൂർത്തീകരണ കാലയളവ് എത്ര എന്നും പ്രവൃത്തി വൈകിയാൽ ഏത് നിരക്കിൽ പിഴ ഈടാക്കും എന്നതും കരാറുകാരുമായുള്ള ഉടമ്പടിയിൽ വ്യക്തമാക്കേണ്ടതാണ്. എന്നാൽ നിലവിൽ കരാറിൽ പ്രവൃത്തി പൂർത്തീകരണ കാലയളവ് എത്രയാണ് എന്ന് വ്യക്തമാക്കുന്നില്ല. കൂടാതെ പിഴ സംബന്ധിച്ച് പുതിയ PWD മാന്വൽ പ്രകാരമുള്ള നിർദേശങ്ങൾ കരാറിൽ ഉൾപ്പെടുത്തിയിട്ടുമില്ല.

തുടർന്നുള്ള വർഷങ്ങളിൽ പ്രവൃത്തി നടത്തിപ്പിൽ PWD മാന്വലിലെ നിർദ്ദേശങ്ങൾ പാലിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

## <u>1-15 ഇ. ടെണ്ടർ - ടെണ്ടർ ഫീ പഞ്ചായത്തിൽ അടച്ചില്ല</u>

2019-20 വർഷത്തിൽ പഞ്ചായത്തിൽ ഏതാനും പ്രവൃത്തികൾ ഇ ടെണ്ടർ മുഖേന ടെണ്ടർ ചെയ്ത് കരാറുകാരെ പ്രവൃത്തി ഏൽപിച്ച് നൽകിയിട്ടുണ്ട്. എന്നാൽ ഈ പ്രവൃത്തികളുടെ ടെണ്ടർ ഫീ ഇനത്തിൽ കരാറുകാർ അടവാക്കിയ തുക പഞ്ചായത്ത് ഫണ്ടിൽ അടവ് വന്നിട്ടില്ല.

ഇ ടെണ്ടർ ചെയ്ത പ്രവൃത്തികളുടെ ടെണ്ടർ ഫീ ഇനത്തിൽ നാളിതുവരെ പഞ്ചായത്തിന് ലഭിക്കാനുള്ള തുകയുടെ വർഷം തിരിച്ച വിവരം കണക്കാക്കി അത് ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## 1-16 പൊതു മരാമത്ത് പ്രവൃത്തികൾ- അവലോകനം

I)പദ്ധതി രൂപീകരണം നടപടികൾ പാലിച്ചിട്ടില്ല.

2019-20 വർഷത്തെ പദ്ധതി ആസൂത്രണ നടപടികൾ 10/2018, 11/2018, മാസങ്ങളിലായാണ് പഞ്ചായത്തിൽ പൂർത്തീകരിച്ചത്.

03.10.2018 ന് പ്രഥമ വർക്കിംഗ് ഗ്രൂപ്പ് യോഗം ചേർന്നതിന് ശേഷം 24.11.2018 ന് വികസന സെമിനാർ നടത്തി കരട് പദ്ധതി രേഖ അവതരിപ്പിക്കുകയാണ് ചെയ്യുന്നത്.

തൻ വർഷം നടപ്പാക്കേണ്ട പൊതുമരാമത്ത് പ്രവൃത്തികൾ സംബന്ധിച്ച് പഠനം നടത്തി ശുപാർശ ചെയ്യുകയും പദ്ധതി നിർദ്ദേശങ്ങൾ ക്രോഡീകരിക്കുകയും ചെയ്യേണ്ട പൊതുമരാമത്ത് വർക്കിംഗ് ഗ്രൂപ്പ് 03.10.2018 ന് യോഗം ചേർന്ന് ഏതാനും നിർദ്ദേശങ്ങൾ നൽകുക മാത്രമാണ് ചെയ്തത്. കരട് പദ്ധതി രേഖ തയ്യാറാക്കുന്നതിന് വർക്കിംഗ് ഗ്രൂപ്പ് യോഗം ചേർന്നിട്ടില്ല. എന്നാൽ 24.11.2018 ലെ വികസന സെമിനാറിൽ തൻവർഷം നടപ്പാക്കേണ്ട മരാമത്ത് പ്രവൃത്തികൾ ഉൾപ്പെടെയുള്ള കരട് പദ്ധതി രേഖ അവതരിപ്പിച്ചതായി കാണുന്നു.

പൊതുമരാമത്ത് വർക്കിംഗ് ഗ്രൂപ്പിന്റെ പങ്കാളിത്തമില്ലാതെ പ്രൊജക്ടുകൾ തയ്യാറാക്കിയത് എങ്ങനെയെന്നും, പ്രൊജക്ടുകൾ തെരഞ്ഞെടുത്തതിന്റെ മാനദണ്ഡം എന്ത് എന്നും ഓഡിറ്റിന് വ്യക്തമല്ല.

II) പ്രവൃത്തികൾ പൂർണ്ണമായി നടപ്പാക്കുന്നില്ല

2019-20 വർഷത്തിൽ ഗ്രാമ പഞ്ചായത്തിൽ അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി ആകെ 167 പ്രൊജക്ടുകളാണ് (സ്പിൽ ഓവർ ഉൾപ്പെടെ) തയ്യാറാക്കിയത്. ഇതിൽ 87 പ്രൊജക്ടുകളിലായി ആകെ 19604859 രൂപ മാത്രമാണ് ചെലവഴിക്കാനായത്.

| | | | |
|---|---|---|---|
| ആകെ പദ്ധതി | 167 | ആകെ അടങ്കൽ | 37227103 |
| നടപ്പിലാക്കിയത് | 87 | ചെലവ് | 19604859 |
| ശതമാനം | 52 | ചെലവ് ശതമാനം | 52.66% |

ഒരു അസിസ്റ്റന്റ് എഞ്ചിനിയർ, രണ്ട് ഓവർസിയർമാർ എന്നീ സാങ്കേതിക ജീവനക്കാർക്ക് നടപ്പാക്കാവുന്നതിലും വളരെയധികം പ്രൊജക്ടുകൾ ഏറ്റെടുക്കുന്നതാണ് ഇത്തരത്തിൽ വളരെയധികം പ്രൊജക്ടുകൾ നടപ്പാക്കാതെ വരുന്നതിനും പലപ്പോഴും പദ്ധതിപ്പണം ലാപ്സാവുന്നതിനും ഇടയാക്കുന്നത്. ഇത്തരത്തിൽ പ്രൊജക്ടുകൾ ഏറ്റെടുക്കുന്നത് ഒഴിവാക്കാൻ ശ്രമിക്കേണ്ടതാണ്.

III.റോഡ് കണക്ടിവിറ്റി മാപ്പും പ്ലാനും തയ്യാറാക്കിയില്ല.

ഓരോ തദ്ദേശ ഭരണ സ്ഥാപനവും റോഡ് കണക്ടിവിറ്റി മാപ്പും റോഡ് കണക്ടിവിറ്റി പ്ലാനും തയ്യാറാക്കണമെന്ന് പദ്ധതി മാർഗ്ഗരേഖയിൽ നിർദേശിച്ചതാണെങ്കിലും ആയത് തയ്യാറാക്കിയിട്ടില്ല. കൂടാതെ മരാമത്ത് പ്രവൃത്തികൾ നടപ്പാക്കുമ്പോൾ പഞ്ചായത്തിന്റെ ആസ്തിയിൽ തന്നെയാണോ പ്രവൃത്തി ചെയ്തത് എന്ന് ഉറപ്പ് വരുത്തുന്നതിനുള്ള രേഖകളൊന്നും (ആസ്തി കൈമാറിയ രേഖ/ ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തിയതിന്റെ വിവരം) പ്രൊജക്ടിൽ സൂക്ഷിച്ചിട്ടില്ല.

പ്രവൃത്തി നടത്തുന്നത് പഞ്ചായത്തിന്റെ ആസ്തിയിൽത്തന്നെയാണോ എന്നത് ഉറപ്പു വരുത്തുന്നതിനാവശ്യമായ രേഖകളും കണക്ടിവിറ്റി മാപ്പും തയ്യാറാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

V)കാഷ്ബുക്ക് ശരിയായി സൂക്ഷിക്കുന്നില്ല.

അസിസ്റ്റന്റ് എഞ്ചിനിയറുടെ കാഷ്ബുക്ക് ഓരോ വർഷത്തിനും പുതുതായി എഴുതി തയ്യാറാക്കിയതായാണ് കാണുന്നത്. ഒരു ഓഫീസിന്റെ കാഷ്ബുക്ക് ഓരോ വർഷത്തിനും പുതുതായി എഴുതി തയ്യാറാക്കേണ്ടതല്ല. മുൻ വർഷത്തേതിന്റെ തുടർച്ചയായി കാഷ്ബുക്ക് എഴുതേണ്ടതാണ്.

## 1-17 എയ്ഡഡ് സ്കൂളിലെ ടോയ്ലെറ്റ് നിർമാണം - അപാകതകൾ

അസിസ്റ്റന്റ് എഞ്ചിനിയർ നിർവ്വഹണോദ്യോഗസ്ഥനായി 2018-19 ൽ തയ്യാറാക്കി അംഗീകരം നേടി 2019-20

വർഷത്തിൽ സ്പിൽ ഓവറായി നടപ്പാക്കിയ PMSALP സ്കൂളിന് ടോയ്‌ലറ്റ് (199/21) എന്ന പ്രൊജക്ടിന് പഞ്ചായത്ത് ഫണ്ട് ചെലവഴിച്ചിട്ടുണ്ട്.

തൻവർഷത്തെ ചെലവ് – 172460 ( വൗച്ചർ നമ്പർ 21901010 / 15.02.2020 )- തനത് ഫണ്ട്

2018-19 വർഷത്തേക്ക് ബാധകമായ പദ്ധതി മാർഗ്ഗരേഖ ജി.ഒ(എം.എസ്) 11/2018/ത.സ്വ.ഭ.വ തിയ്യതി 29.01.2018 നമ്പർ ഉത്തരവ് പ്രകാരം എല്ലാ ഗവൺമെന്റ് സ്കൂളുകളിലും നിശ്ചിത മാനദണ്ഡങ്ങൾ പ്രകാരം യൂറിനലുകളും ടോയ്‌ലെറ്റും, വാഷ് ബേസിനും അവയിൽ ജല ലഭ്യതയും ശുചിത്വ സൗകര്യങ്ങളും ഉറപ്പാക്കിയതിന് ശേഷം മാത്രം എയ്ഡഡ് സ്കൂളുകളിലും ഇത്തരം സൗകര്യങ്ങൾ ലഭ്യമാക്കാവുന്നതാണ് എന്നാണ് പറയുന്നത്.

സർക്കാർ LP/UP സ്കൂളുകളാണ് പഞ്ചായത്ത് രാജ് നിയമപ്രകാരം പഞ്ചായത്തിന് കൈമാറിയത്. ആയതിനാൽ പഞ്ചായത്ത് പ്രദേശത്തെ സർക്കാർ LP/UP സ്കൂളുകളിൽ മേൽ സർക്കാർ ഉത്തരവിൽ പരാമർശിച്ച എല്ലാ സൗകര്യങ്ങളും ഏർപ്പെടുത്തിയതിന് ശേഷം മാത്രമാണ് എയ്ഡഡ് സ്കൂളുകളിൽ ഇത്തരം സൗകര്യങ്ങൾ ഏർപ്പെടത്താവുന്നത് എന്ന് മേൽ ഉത്തരവിൽ നിന്നും വ്യക്തമാണ്.

പഞ്ചായത്ത് നടപ്പാക്കിയ മേൽ പ്രൊജക്ടിന്റെ രേഖകൾ പരിശോധിച്ചതിൽ പ്രൊജക്ട് തയ്യാറാക്കിയതിലും നടപ്പാക്കിയതിലും താഴെ പറയുന്ന അപാകതകൾ ഉണ്ട്.

1)സർക്കാർ സ്കൂളുകളിൽ ആവശ്യമായ ശുചിമുറി സൗകര്യങ്ങൾ ഇല്ലാതിരിക്കെ എയ്ഡഡ് സ്കൂളിന് സഹായം നൽകി.

2018-19 വാർഷിക പദ്ധതി തയ്യാറാക്കുന്നതിന്റെ ഭാഗമായി പഞ്ചായത്ത് തയ്യാറാക്കി അംഗീകരിച്ച അവസ്ഥാരേഖയിൽ (സ്റ്റാറ്റസ് റിപ്പോർട്ട്) വിദ്യാഭ്യാസ മേഖലയിൽ പഞ്ചായത്തിലെ സ്കൂളുകളിലെ ശുചിമുറി സൗകര്യങ്ങളെ സംബന്ധിച്ച് പഠനം നടത്തി തയ്യാറാക്കിയ റിപ്പോർട്ട് പ്രകാരം (പട്ടിക 1.1.6) പഞ്ചായത്തിലെ സർക്കാർ സ്കൂളുകളിൽ ശുചിമുറി സൗകര്യങ്ങൾ അപര്യാപ്തമാണ് എന്ന് വ്യക്തമാണ്.

പ്രസ്തുത റിപ്പോർട്ട് പ്രകാരം ഓരോ സർക്കാർ സ്കൂളിലും ഇനി വേണ്ട ടോയ്‌ലറ്റ് സൗകര്യത്തിന്റെ വിവരം താഴെ പറയുന്നു.

| സ്കൂൾ | കുറവുള്ള ടോയ്റ്റ് | |
|---|---|---|
| | ആൺ | പെൺ |
| GMLPS ചെമ്മങ്കടവ് | 4 | 4 |
| GMLPS കുട്ടശ്ശേരിക്കുളമ്പ് | 1 | 1 |
| GLPS കോഡൂർ | 0 | 0 |
| GLPS വടക്കേമണ്ണ | 0 | 0 |
| GLPS പെരിങ്ങോട്ട്പുലം | 1 | 1 |

പഞ്ചായത്തിന്റെ അംഗീകൃത രേഖകൾ പ്രകാരം തന്നെ സർക്കാർ സ്കൂളുകൾക്ക് ടോയ്‌ലറ്റ് സൗകര്യങ്ങളിൽ സാരമായ കുറവുണ്ട് എന്ന് വ്യക്തമായിരിക്കെ അത് പരിഹരിക്കുന്നതിന് പ്രൊജക്ടുകൾ ഏറ്റെടുക്കാതെ സ്വകാര്യ വ്യക്തികളുടെ ഉടമസ്ഥതയിലുള്ള എയ്ഡഡ് സ്കൂളിന് ടോയ്‌ലറ്റ് നിർമ്മിച്ച് നൽകുന്നതിന് പ്രൊജക്ട് ഏറ്റെടുത്ത് പണം ചെലവഴിച്ചതിന് കാരണം വ്യക്തമാക്കേണ്ടതാണ്.

2) ടോയ്‌ലറ്റ് ആവശ്യകത പരിഗണിക്കാതെ പ്രൊജക്ട് തയ്യാറാക്കി.

2018-19 വാർഷിക പദ്ധതി തയ്യാറാക്കുന്നതിന്റെ ഭാഗമായി പഞ്ചായത്ത് തയ്യാറാക്കി അംഗീകരിച്ച അവസ്ഥാരേഖയിൽ (സ്റ്റാറ്റസ് റിപ്പോർട്ട്) വിദ്യാഭ്യാസ മേഖലയിൽ പഞ്ചായത്തിലെ സ്കൂളുകളിലെ ശുചിമുറി സൗകര്യങ്ങളെ സംബന്ധിച്ച് പഠനം നടത്തി തയ്യാറാക്കിയ റിപ്പോർട്ട് പ്രകാരം (പട്ടിക 1.1.6) PMSALPS ചട്ടിപ്പറമ്പ് എന്ന സ്കൂളിന് ടോയ്‌ലറ്റ് സൗകര്യം ആവശ്യത്തിന് ഉണ്ട് എന്നും ഇനി ടോയ്‌ലറ്റ് ആവശ്യമില്ല എന്നുമാണ് കാണിച്ചത്.

ടോയ്‌ലറ്റ് സൗകര്യം ആവശ്യമില്ല എന്ന് വർക്കിംഗ് ഗ്രൂപ്പ് കണ്ടെത്തിയ സ്കൂളിന് ടോയ്‌ലറ്റ് നിർമ്മിച്ച് നൽകിയത് എന്തിനാണ് എന്ന് വ്യക്തമാക്കേണ്ടതാണ്.

3) ടോയ്‌ലറ്റ് നിർമിക്കുന്നതിന് സമ്മതം നേടിയിട്ടില്ല.

എയ്ഡഡ് സ്കൂളിൽ നിർമ്മാണ പ്രവർത്തനം നടത്തണം എന്ന് സ്കൂളിന്റെ ഉടമസ്ഥർ (മാനേജ്മെന്റ് കമ്മിറ്റി) രേഖാമൂലം അപേക്ഷ നൽകിയിട്ടില്ല. കൂടാതെ മാനേജ്മെന്റിന്റെ ഉടമസ്ഥതയിലുള്ള ഭൂമിയിൽ പ്രവൃത്തി നടത്തുന്നതിന് അവരുടെ രേഖാമൂലമുള്ള സമ്മതം നേടിയിട്ടുമില്ല.

അപേക്ഷയും സമ്മതവുമില്ലാതെ പ്രൊജക്ട് നടപ്പാക്കിയതിന് കാരണം വ്യക്തമാക്കേണ്ടതാണ്.

4) സർക്കാർ സ്കൂളുകളിലെ സൗകര്യങ്ങൾ പര്യാപ്തമാണ് എന്ന സാക്ഷ്യപത്രം ഇല്ല.

മുഴുവൻ സർക്കാർ സ്കൂളുകളിലും നിശ്ചിത മാനദണ്ഡങ്ങൾ പ്രകാരം യൂറിനലുകളും ടോയ്ലറ്റും, വാഷ് ബേസിനും അവയിൽ ജല ലഭ്യതയും ശുചിത്വ സൗകര്യങ്ങളും ഉറപ്പാക്കിയതിന് ശേഷം മാത്രം എയ്ഡഡ് സ്കൂളുകളിലും ഇത്തരം സൗകര്യങ്ങൾ ലഭ്യമാക്കാനാണ് അനുമതി ഉള്ളത്.

പഞ്ചായത്ത് പ്രൊജക്ട് തയ്യാറാക്കുന്നതിന് മുമ്പ് എല്ലാ സർക്കാർ സ്കൂളുകളിലും മേൽ പറയുന്ന എല്ലാ സൗകര്യങ്ങളും ഉണ്ടോ എന്ന് പരിശോധന നടത്തി റിപ്പോർട്ട് തയ്യാറാക്കിയിട്ടില്ല.

ഇക്കാര്യം പരാമർശിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നമ്പർ –13/23.02.2021) ലഭ്യമാക്കിയ മറുപടിയിൽ സർക്കാർ സ്കൂളുകൾക്ക് ആവശ്യമായ ടോയ്ലറ്റ് സൗകര്യങ്ങൾ ലഭ്യമാണ് എന്ന് ഗ്രാമപഞ്ചായത്ത് സെക്രട്ടറി സാക്ഷ്യപത്രം നൽകിയതിന്റെ അടിസ്ഥാനത്തിലാണ് മേൽ പ്രൊജക്ട് ഏറ്റെടുത്ത് നടപ്പാക്കിയത് എന്നാണ് അറിയിച്ചത്. പഞ്ചായത്ത് പ്രസിദ്ധീകരിച്ച സ്റ്റാറ്റസ് റിപ്പോർട്ടിൽ സർക്കാർ സ്കൂളുകൾക്ക് ആവശ്യത്തിന് ടോയ്ലറ്റ് ലഭ്യമല്ല എന്ന് വ്യക്തമാക്കിയിരിക്കെ സർക്കാർ സ്കൂളുകൾക്ക് ആവശ്യത്തിന് ടോയ്ലറ്റ് സൗകര്യം ഉണ്ട് എന്ന് സെക്രട്ടറി സാക്ഷ്യപത്രം നൽകിയത് അംഗീകരിക്കാനാവില്ല.

പ്രൊജക്ട് തയ്യാറാക്കിയതിലും നടത്തിപ്പിലുമുള്ള മേൽ അപാകതകൾക്ക് മറുപടി / രേഖകൾ പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്. വ്യക്തമായ രേഖകളുടെ അഭാവത്തിൽ ചെലവ് തുക ₹ 1,72,460 തടസ്സം ചെയ്യുന്നു.

## 1-18 കുടിവെള്ള പദ്ധതി - GI പൈപ്പ് സ്ഥാപിക്കുന്നതിന് അധിക തുക നൽകി.

കുടിവെള്ള പദ്ധതിയിൽ GI പൈപ്പ് സ്ഥാപിക്കുന്നതിന് അധിക തുക നൽകിയത് മൂലം ഗ്രാമപഞ്ചായത്തിന് നഷ്ടം ഉണ്ടായി.

2019-20 ൽ നടപ്പാക്കിയ തണ്ണീർച്ചോല കുടിവെള്ള പദ്ധതി പൂർത്തീകരണം (പ്രൊജക്ട് നമ്പർ 125/20) യിൽ ഭൗമോപരിതലത്തിലൂടെ GI പൈപ്പ് സ്ഥാപിച്ച പ്രവൃത്തിക്ക് തെറ്റായ നിരക്ക് അനുവദിച്ച് നൽകിയത് മൂലമാണ് അധികം തുക നൽകാൻ ഇടയായത്.

ഈ പ്രവൃത്തിയുടെ എസ്റ്റിമേറ്റിലെ ഇനം 1 ൽ 80 Mm GI പൈപ്പ് സ്ഥാപിക്കുന്നതിന് ട്രഞ്ചിംഗ് & റിഫില്ലിംഗ് എന്നതിന് കൂടി തുക വകയിരുത്തിയിട്ടുണ്ട് (DSR 18.12.8 @755.36 /M Cost Index 31.06%). ഫൈനൽ ബിൽ നൽകിയപ്പോൾ ഇനം 1 ൽ 306.05 M പ്രവൃത്തി ട്രഞ്ചിംഗ് & റിഫില്ലിംഗ് നടത്താതെയാണ് ചെയ്തത്. ആയതിനാൽ ട്രഞ്ചിംഗ് & റിഫില്ലിംഗ് നടത്താത്ത ഇനത്തിന് 718.36/M നിരക്ക് അംഗീകരിച്ച് കരാറുകാരന് പണം നൽകിയിട്ടുണ്ട്. എന്നാൽ ട്രഞ്ചിംഗ് & റിഫില്ലിംഗ് നടത്താതെയുള്ള മേൽ പ്രവൃത്തിക്ക് ₹ 681.39 /M നിരക്കിലാണ് പണം നൽകാവുന്നത്.

തെറ്റായ നിരക്ക് നൽകിയത് മൂലം കരാറുകാരന് അധിക തുക നൽകിയതിന്റെ വിവരം താഴെ നൽകുന്നു.

| പ്രവൃത്തി | ഭൗമോപരിതലത്തിലൂടെ സ്ഥാപിച്ച GI പൈപ്പിന്റെ നീളം | നൽകിയ തുക @718.36/M | നൽകാവുന്ന തുക @681.39 | അധികം |
|---|---|---|---|---|
| 80 MmGI പൈപ്പ് സ്ഥാപിക്കൽ | 306.05 M | 219854.08 (306.05x718.36) | 208539.41 (306.05x681.39) | 11315 (219854.08-208539.41) |

അധികമായി അനുവദിച്ച് നൽകിയ തുക 11315 + 12% GST ഉത്തരവാദികളിൽ നിന്ന് ഈടാക്കി തിരിച്ചടക്കേണ്ടതാണ്. വിശദ വിവരം ഖണ്ഡിക 3-1 ൽ ചേർത്തിട്ടുണ്ട്.

## 1-19 എസ്.എസ്.എ വിഹിതം നൽകൽ - പ്രൊജക്ട് നടത്തിപ്പിലെ അപാകതകൾ

2019-20 വർഷത്തേക്ക് ബാധകമായ പദ്ധതി മാർഗ്ഗരേഖ ജി.ഒ(എം.എസ്) 11/2018/ത.സ്വ.ഭ.വ തിയ്യതി

29.01.2018 നമ്പർ ഉത്തരവ് പ്രകാരം ഗ്രാമപഞ്ചായത്തുകളും ജില്ലാ പഞ്ചായത്തുകളും ഗവൺമെന്റ് നിശ്ചയിക്കുന്ന തുക എസ്.എസ്.എ, ആർ.എം.എസ്.എ പ്രൊജക്ടുകൾക്ക് വകയിരുത്തണം എന്ന് നിർദ്ദേശിക്കുന്നുണ്ട്. ഈ പ്രൊജക്ടുകളുടെ വിശദാംശങ്ങൾ തയ്യാറാക്കുന്നതിൽ തദ്ദേശ സ്വയംഭരണ സ്ഥാപനം മുഖ്യ പങ്ക് വഹിക്കേണ്ടതാണ് എന്നും ഈ ഉത്തരവിൽ നിർദ്ദേശിക്കുന്നുണ്ട്. [ ഖ 7.6 (3) ]

പഞ്ചായത്ത് 2019-20 ൽ നടപ്പാക്കിയ എസ്.എസ്.എ വിഹിതം നൽകൽ (15/2) എന്ന പ്രൊജക്ട് മേൽ നിർദേശങ്ങൾ പാലിക്കാതെയാണ് നടപ്പാക്കിയത്. ഈ പ്രൊജക്ട് നടപ്പാക്കുന്നതിനായി ₹ 1000000 പഞ്ചായത്ത് വിഹിതം ആയി എസ്.എസ്.എ ക്ക് നൽകിയിട്ടുണ്ട്. (ബിൽ നമ്പർ 19151152027100568385/16.09.2019 – പ്ലാൻ ഫണ്ട് ജനറൽ )

പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ താഴെ പറയുന്നു.

1) എസ്.എസ്.എ പ്രൊജക്ട് തയ്യാറാക്കുന്നതിൽ ഗ്രാമപ്പഞ്ചായത്തിന്റെ പങ്കാളിത്തം ഉണ്ടായിട്ടില്ല. എസ്.എസ്.എ ഒരു പദ്ധതി തയ്യാറാക്കി പഞ്ചായത്തിന് അയച്ചുകൊടുക്കുകയാണ് ചെയ്യുന്നത്.

2) പഞ്ചായത്തിന്റെ പങ്കാളിത്തമില്ലാതെ പ്രൊജക്ട് തയ്യാറാക്കിയതിനാൽത്തന്നെ ഈ പ്രൊജക്ടിന് പഞ്ചായത്ത് വിഹിതമായി എസ്.എസ്.എ കണക്കാക്കിയ തുക ( ആകെ 85.89 ലക്ഷം ഇതിൽ 34.35 ലക്ഷം പഞ്ചായത്ത് വിഹിതം) പഞ്ചായത്ത് വകയിരുത്തിയിട്ടുമില്ല. ഓഡിറ്റ് വർഷത്തിൽ ആകെ 10 ലക്ഷം രൂപ മാത്രമാണ് പഞ്ചായത്ത് വിഹിതമായി വകയിരുത്തുകയും നൽകുകയും ചെയ്തിട്ടുള്ളത്.

3) എസ്.എസ്.എ തയ്യാറാക്കിയ പ്രൊജക്ടിൽ പരാമർശിച്ച പദ്ധതികൾ ഏതെല്ലാം വിദ്യാലയങ്ങളിലാണ് നടപ്പാക്കിയത് / സേവനം നൽകിയത് എതെല്ലാം സ്കൂളുകളിലെ കുട്ടികൾക്കാണ് എന്നത് സംബന്ധിച്ച യാതൊരു രേഖയും പഞ്ചായത്തിൽ ലഭ്യമല്ല.

4) 2019-20 വർഷത്തെ പ്രൊജക്ടിന്റെ വിനിയോഗ സാക്ഷ്യപത്രം 22.02.2021 ന് എസ്.എസ്.എ മലപ്പുറം ജില്ലാ പ്രൊജക്ട് കോ ഓർഡിനേറ്റർ പഞ്ചായത്തിന് ലഭ്യമാക്കിയിട്ടുണ്ട്. ഇതനുസരിച്ച് തൻവർഷത്തെ പ്രൊജക്ട് പ്രകാരം നിശ്ചയിച്ച മുഴുവൻ പദ്ധതികളും നടപ്പാക്കി ആകെ വകയിരുത്തിയ 85.89 ലക്ഷം രൂപയും ചെലവഴിച്ചതായാണ് കാണിച്ചിരിക്കുന്നത്. പഞ്ചായത്ത് വിഹിതമായി വകയിരുത്തിയ തുകയിൽ 24.35 ലക്ഷം രൂപ ഗ്രാമപ്പഞ്ചായത്ത് എസ്.എസ്.എ ക്ക് നൽകാനുണ്ടായിരിക്കെ പ്രൊജക്ടിന് വകയിരുത്തിയ തുക മുഴുവനായി ചെലവഴിച്ചത് എങ്ങനെ എന്ന് വ്യക്തമല്ല.

എസ്.എസ്.എ ലഭ്യമാക്കിയ വിനിയോഗ സാക്ഷ്യപത്ര പ്രകാരം വരവ് തുകയും ചെലവഴിച്ച തുകയും തമ്മിൽ വലിയ അന്തരമുള്ളതിനാലും, പ്രൊജക്ടിൽ പരാമർശിക്കുന്ന പദ്ധതികൾ ഗ്രാമപഞ്ചായത്തിൽ നടപ്പാക്കിയതിന്റെ വിശദമായ വിവരങ്ങൾ ലഭ്യമല്ലാത്തതിനാലും വ്യക്തമായ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്.

സർക്കാർ ഉത്തരവിലെ നിർദ്ദേശം പാലിക്കാതെ ഗ്രാമപഞ്ചായത്തിന്റെ പങ്കാളിത്തം ഉറപ്പു വരുത്താതെ പ്രൊജക്ട് തയ്യാറാക്കിയതിന് കാരണം വ്യക്തമാക്കേണ്ടതാണ്.

## 1-20 ജെന്റർ റിസോഴ്സ് സെന്റർ പ്രൊജക്ട് - മുൻകൂർ തുക നൽകിയെങ്കിലും നാളിതുവരെ പ്രിന്റർ ലഭ്യമായില്ല

പ്രൊജക്ട് - ജെന്റർ റിസോഴ്സ് സെന്റർ

നം. -S0194/2020

അടങ്കൽ - 1,00,000 (തനത് ഫണ്ട്)

നിർവ്വഹണ ഉദ്യോഗസ്ഥ – അസി.സെക്രട്ടറി

ചെക്ക് നം. 2225475/16-03-2020 - 37,429

ജെന്റർ റിസോഴ്സ് സെന്ററിന് ഉപകരണങ്ങൾ വാങ്ങുന്നതിനാണ് മേൽ പ്രൊജക്ട് തയ്യാറാക്കിയിട്ടുള്ളത്. ആയത് പ്രകാരം ലാപ്ടോപ് കമ്പ്യൂട്ടർ, പ്രിന്റർ എന്നിവക്ക് Http://Cprcs.Kerala.Gov.In/ എന്ന വെബ്സൈറ്റ് മുഖേന മുൻകൂറായി പണം നൽകിയിട്ടുണ്ട്. ലാപ്ടോപ് കമ്പ്യൂട്ടറിന് 22,703 രൂപയും, പ്രിൻററിന് 14,726 രൂപയും ആണ് നൽകിയിട്ടുള്ളത്. എന്നാൽ നാളിതുവരെ പ്രിന്റർ ലഭ്യമായിട്ടില്ല. പ്രിന്ററിന് നൽകിയ 14,726 രൂപ തിരികെ ലഭ്യമാക്കാനാവശ്യപ്പെട്ട് 27-01-2021 ലെ A-1/123/2021 പ്രകാരം കത്തയച്ചിട്ടുണ്ടെങ്കിലും കെൽട്രോണിൽ നിന്നും

മറുപടി ലഭ്യമായിട്ടില്ല എന്നാണ് 02/23-02-2021-ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയത്. തുക തിരികെ ലഭ്യമാക്കി വിവരം അറിയിക്കേണ്ടതാണ്.

## 1-21 വീട് വാസയോഗ്യമാക്കൽ പദ്ധതി - അപാകതകൾ

എ) പ്രൊജക്ട് - വീട് വാസയോഗ്യമാക്കൽ (എസ്.സി.)

നം. -S0025/2020

അടങ്കൽ - 13,00,000 (എസ്.സി.പി- 12,30,000 തനത് ഫണ്ട് -70,000)

ബിൽ നം.05/11-10-2019 – 5,00,000

ബിൽ നം.10/16-11-2019 – 2,50,000

ബി) പ്രൊജക്ട് - വീട് വാസയോഗ്യമാക്കൽ (ജനറൽ)

നം. -S0040/2020

അടങ്കൽ - 37,50,000 (പ്ലാൻ ഫണ്ട് – 13,00,000 തനത് ഫണ്ട്- 2,45,000)

ബിൽ നം.04/22-08-2019 – 8,10,000

ചെക്ക് നം. 2225469/28-02-2020 - 2,40,000

വീടുകൾ വാസയോഗ്യമാക്കുന്നതിനാണ് വി.ഇ.ഒ. നിർവ്വഹണ ഉദ്യോഗസ്ഥനായി മേൽ പ്രൊജക്ടുകൾ തയ്യാറാക്കിയിട്ടുള്ളത്. ആയതിന്റെ രേഖകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു :

1. സ.ഉ.(കൈ)നം.22/2018/തസ്വഭവ/14-02-2018 ഖണ്ഡിക 6.7.6 ലെ നിബന്ധന പ്രകാരം ഗുണഭോക്താക്കളുടെ നിലവിലുള്ള വീടുകൾ വാസയോഗ്യമല്ല എന്നതിന്റെ സാക്ഷ്യപത്രം പരിശോധനയ്ക്ക് ലഭ്യമായിട്ടില്ല.

2. പൊതുവിഭാഗം ഗുണഭോക്താക്കൾക്ക് നൽകാവുന്ന പരമാവധി സബ്സിഡി 1,00,000 രൂപയും പട്ടികജാതി/ പട്ടികവർഗ്ഗ ഗുണഭോക്താക്കൾക്ക് നൽകാവുന്ന പരമാവധി സബ്സിഡി 1,50,000 രൂപയും ആണ്. എൽ.എസ്.ജി.ഡി. എഞ്ചിനീയർ പരിശോധിച്ച ശേഷമായിരിക്കണം സബ്സിഡി നിരക്ക് നിശ്ചയിക്കേണ്ടത്. എന്നാൽ ഇപ്രകാരമുള്ള പരിശോധന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലല്ലാതെ മുഴുവൻ പട്ടികജാതി ഗുണഭോക്താക്കൾക്കും 1,00,000 രൂപയും മുഴുവൻ പൊതുവിഭാഗം ഗുണഭോക്താക്കൾക്കും 30,000 രൂപയും നൽകുകയാണ് ചെയ്തിരിക്കുന്നത്.

3. പുതിയ വീട് നിർമ്മിച്ച് കുറഞ്ഞത് 8 വർഷമെങ്കിലും കഴിഞ്ഞവർക്ക് മാത്രമേ ധനസഹായത്തിന് അർഹതയുള്ളൂ. എന്നാൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറി നൽകിയ സാക്ഷ്യപത്രം പ്രകാരം താഴെപ്പറയുന്ന ഗുണഭോക്താക്കളുടെ ഭവന നിർമ്മാണം പൂർത്തിയായിട്ട് 8 വർഷം ആയിട്ടില്ല.

| ഗുണഭോക്താവ് | പ്രൊജക്ട് നം. | വീടിന്റെ നം./ കാലപ്പഴക്കം | ചെക്ക്/ബിൽ നം. | തുക |
|---|---|---|---|---|
| ശ്രീ. വിനോദ്, പുളിക്കൽ ഹൗസ് | S025/2020 | 19/124B, 5വർഷം | 05/11-10-2019 : 5,00,000<br>10/16-11-2019 : 2,50,000 | 50,000<br>50,000 |
| ശ്രീ. അഷ്റഫ് കടമ്പോട്ട്, വലിയാട് | S040/2020 | 10/602A ഒരു വർഷം | 04/22-08-2019 : 8,10,000<br>2225469/28-02-2020 : 2,40,000 | 15,000<br>15,000 |

പത്തു വർഷത്തിൽ കൂടുതൽ പഴക്കമുള്ള വീടുകളാണ്, അറിവില്ലായ്മ മൂലം ഗ്രാമപഞ്ചായത്തിൽ റജിസ്റ്റർ ചെയ്യാൻ താമസിച്ചതാണ്, വീടുകൾ വാസയോഗ്യമല്ല എന്നതിന്റെ സാക്ഷ്യപത്രം ഫയലിൽ ചേർത്തിട്ടുണ്ട് എന്നെല്ലാമാണ് 21/26-02-2021-ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് വി.ഇ.ഒ. മറുപടി ലഭ്യമാക്കിയത്.

അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-22 മുൻകൂർ നല്കി: മരുന്നുകൾ മുഴുവൻ ലഭ്യമായില്ല.

നിർവ്വഹണ ഉദ്യോഗസ്ഥൻ – മെഡിക്കൽ ഓഫീസർ (പി.എച്ച്.സി)

തൻവർഷം വിവിധ പ്രൊജക്ടുകൾ പ്രകാരം KMSCL ന് മുൻകൂർ തുക നല്കിയ മരുന്നുകളിൽ ഇനിയും ലഭ്യമാകാത്തവയുടെ വിവരം താഴെ ചേർക്കുന്നു.

| | പ്രൊജക്ട് | മുൻകൂർ തുക | മുൻകൂർ വൗച്ചർ | ലഭിച്ചത് | ബാക്കി |
|---|---|---|---|---|---|
| 1 | നം. 24/2020: പി.എച്ച്. സിയിലേക്ക് മരുന്നു, റീ ഏജന്റ് വാങ്ങൽ (MG – NR) | 3,20,000 | 27/26-10-19 | 2,37,732 | 82268 |
| 2 | നം. 45/2020 : പാലിയേറ്റീവ് കെയർ (വികസന ഫണ്ട് – ജനറൽ & തനതു ഫണ്ട്) | 1,00,225 | 26/15-11-19 & 42/17-2-20 | 71,637 | 28,588 |
| ആകെ | | 4,20,225 | | 3,09,369 | 110856 |

മരുന്നുകൾ മുഴുവൻ ലഭിച്ച വിവരം ലഭ്യമാക്കേണ്ടതാണ്. അതുവരെ 1,10,856 രൂപയുടെ ചെലവു തടസ്സം ചെയ്യുന്നു.

## 1-23 കണ്ടിജന്റ് രജിസ്റ്റർ തയ്യാറാക്കുന്നില്ല.

വൗച്ചർ നം.1/25-4-19 Rs. 4871

വൗച്ചർ നം.6/17-6-19 Rs. 1188

വൗച്ചർ നം.6/17-6-19 Rs. 5728

2019-20 വർഷം മെഡിക്കൽ ഓഫീസർ, മുകളിൽ കാണിച്ച വൗച്ചറുകൾ അടക്കമുള്ളവയിലൂടെ നടത്തിയ ടെലഫോൺ ബിൽ, വൈദ്യുത ബിൽ തുടങ്ങിയവ ഒടുക്കിയതിന്റെയടക്കം കണ്ടിജന്റ് ഇനത്തിൽ ചെലവഴിച്ച ഇനങ്ങൾ രേഖപ്പെടുത്തിയ രജിസ്റ്റർ തയ്യാറാക്കിയിട്ടില്ല.

കൈമാറിക്കിട്ടിയ സ്ഥാപനം എന്ന നിലയിൽ, പഞ്ചായത്ത് സെക്രട്ടറിയിൽ നിന്നും ഇതിനായി തുക ലഭിക്കുമ്പോൾ അക്കാര്യവും, ചെലവു വിവരവും രേഖപ്പെടുത്തി കണ്ടിജന്റ് രജിസ്റ്റർ യഥാവിധം തയ്യാറാക്കേണ്ടതാണ്.

## 1-24 വാർഡ് ശുചീകരണ കമ്മറ്റികളുടെ ബാങ്ക് അക്കൗണ്ടുകളിൽ പണം ചെലവഴിക്കാതെ നിലനിൽക്കുന്നു.

വൗച്ചർ നം. 17/24-9-19 Rs. 2,85,000

(ശുചിത്വ മിഷൻഫണ്ട്)

(A) ഗ്രാമ പഞ്ചായത്തിലെ 19 വാർഡുകളിലെ ശുചീകരണ പ്രവർത്തനങ്ങൾ നടത്തുവാൻ വാർഡ് ഹെൽത്ത് കമ്മറ്റികളുടെ ബാങ്ക് അക്കൗണ്ടുകളിലേക്ക് ശുചിത്വ മിഷൻ ഫണ്ടായി ലഭിച്ച പ്രസ്തുത തുകയിൽ നിന്ന് 15,000 രൂപ വീതം നല്കിയതായി കാണിച്ചിരുന്നു. ഇതിന്റെ പരിശോധനയുടെ ഭാഗമായി വാർഡുകളുടെ കാഷ് ബുക്ക്, ബാങ്ക് പാസ് ബുക്ക് എന്നിവ ലഭ്യമാക്കിയത് പ്രകാരം ഓരോ അക്കൗണ്ടിലും താഴെ കാണിച്ച പ്രകാരമുള്ള തുകകൾ ചെലവഴിക്കാതെ അവശേഷിക്കുന്നുണ്ട്.

| വാർഡ് നം. | നീക്കിയിരിപ്പ് തുക | നീക്കിയിരിപ്പ് തിയ്യതി |
|---|---|---|
| 1 | 13,273.40 | 26-5-20 |
| 2 | 685.55 | 1-6-20 |
| 3 | 6,430.00 | 25-6-20 |
| 4 | 1,081.04 | 25-12-20 |
| 5 | 5,112.00 | 25-9-20 |

| | | |
|---|---|---|
| 6 | 2,229.30 | 25-12-20 |
| 7 | 2,474.50 | 25-9-20 |
| 8 | 1,198.60 | 25-9-20 |
| 9 | 2,011.70 | 25-12-20 |
| 10 | 1,157.50 | 25-6-20 |
| 11 | 8,006.10 | 25-6-20 |
| 12 | 5,447.10 | 25-6-20 |
| 13 | 9,685.40 | 25-6-20 |
| 14 | 3,039.10 | 25-12-20 |
| 15 | 3,679.50 | 25-12-20 |
| 16 | 12,863.70 | 5-2-21 |
| 17 | 6,653.10 | 25-9-20 |
| 18 | 6,070.36 | 26-5-20 |
| 19 | 3,471.78 | 25-9-20 |
| ആകെ | 94,569.73 | |

കൂടാതെ, വാർഡ് സാനിറ്റേഷൻ കമ്മറ്റി, അൺ ടൈഡ് ഫണ്ട് എന്നീ ഫണ്ടുകൾക്കും വ്യത്യസ്ത കാഷ് ബുക്കുകളും പാസ് ബുക്കുകളും എല്ലാ വാർഡുകളിലും സൂക്ഷിക്കുന്നതായും അവയിൽ ഇത്തരത്തിൽ തുക അവശേഷിക്കുന്നതായും വിശദീകരിച്ചിട്ടുണ്ട്. കാലങ്ങളായി ലഭിച്ച പലിശ ഉൾപ്പെടെയുള്ള ഈ തുകകൾ സാമ്പത്തിക വർഷാവസാനം പഞ്ചായത്തിനോ വകുപ്പ് മേധാവികൾക്കോ തിരിച്ച് നൽകുകയോ, വിവിധ ആവശ്യങ്ങൾക്കായി ഉപയോഗിക്കാൻ അനുമതി വാങ്ങി പ്രയോജനപ്പെടുത്താൻ വേണ്ട നടപടികൾ സ്വീകരിക്കുകയോ ചെയ്തതായി കാണുന്നില്ല.

(B) വാർഡ് സാനിറ്റേഷൻ കമ്മറ്റി, അൺ ടൈഡ് ഫണ്ട്, ശുചിത്വ മിഷൻ എന്നിങ്ങനെ ഓരോ ഫണ്ടുകൾക്കും വ്യത്യസ്ത കാഷ് ബുക്കുകൾ എഴുതുന്നത് ശരിയായ നടപടിയല്ല. ഒരു ഓഫീസറുടെ പേരിലുള്ള എല്ലാ തുകകളും കാണിക്കുന്ന രൂപത്തിൽ പ്രധാന കാഷ് ബുക്ക് എഴുതുകയും, പ്രത്യേകം കാഷ് ബുക്കുകൾ എഴുതാൻ നിർദ്ദേശമുള്ളവയ്ക്ക് സബ്സിഡിയറി കാഷ് ബുക്ക് തയ്യാറാക്കുകയുമാണ് ചെയ്യേണ്ടത്. മെയിൻ കാഷ് ബുക്ക് പ്രകാരം എല്ലാ ഇനങ്ങളിലുമായി അവശേഷിക്കുന്ന തുകകൾ മേലധികാരികൾക്കും പഞ്ചായത്തിനും വർഷാവസാനം റിപ്പോർട്ട് ചെയ്യേണ്ടതും, തുക എന്തു ചെയ്യണമെന്ന നിർദ്ദേശം ആരാഞ്ഞ് അപ്രകാരം ഉപയോഗപ്പെടുത്തേണ്ടതുമാണ്.

(C) ചില വാർഡുകളുടെ കാഷ് ബുക്കുകളിൽ ബാങ്കിൽ നിന്നും കാഷ് പിൻവലിച്ചതിന്റെ വിവരം മാത്രമേ ചേർത്തിട്ടുള്ളൂ. അതു പോലെ , ചില വാർഡുകളുടെ കാഷ് ബുക്കുകളിൽ ബാങ്കിൽ നിന്നും കാഷ് പിൻവലിക്കുമ്പോൾ മാത്രമാണ് മുമ്പ് വരവ് ലഭിച്ച തുകകളുടെ വരവു വിവരം ചേർക്കുന്നത്. മുകളിൽ പട്ടികയിൽ കാണിച്ച പ്രകാരം, പല വാർഡുകളുടെയും കാഷ് ബുക്ക് കാലികമാക്കിയിട്ടില്ലെന്നും കാണുന്നു.
( ഇത്തരം അപാകതകൾ പരിഹരിക്കുന്നതാണെന്ന് മെഡിക്കൽ ഓഫീസർ അറിയിച്ചിട്ടുണ്ട്.)

## <u>1-25 പെണ്ണാടുകളെ വിതരണം ചെയ്യൽ(വനിത)പ്രൊജക്ട് -അപാകതകൾ</u>

പ്രൊജക്ട് : പെണ്ണാടുകളെ വിതരണം ചെയ്യൽ(വനിത)

നം: S008/2020

അടങ്കൽ : 8,00,000 (പ്ലാൻ ഫണ്ട് – 4,00,000 ഗുണഭോക്തൃ വിഹിതം – 4,00,000)

നിർവ്വഹണ ഉദ്യോഗസ്ഥൻ : വെറ്റിനറി സർജൻ

ബിൽ നം.04/22-10-2019 : 2,80,000

40 ഗുണഭോക്താക്കൾക്ക് , 2 വീതം ആകെ 80 ആടുകളെയാണ് മേൽ പ്രൊജക്ട് പ്രകാരം വിതരണം ചെയ്തിരിക്കുന്നത്. എന്നാൽ താഴെപ്പറയുന്ന ഗുണഭോക്താക്കൾ ആടിനെ വാങ്ങിയിരിക്കുന്നത്, റേഷൻ കാർഡ്

പ്രകാരം അതേ വീടുകളിൽ തന്നെയുള്ള തങ്ങളുടെ കുടുംബാംഗങ്ങളിൽ നിന്നാണ്. വിശദ വിവരം ചുവടെ ചേർക്കുന്നു :

| ക്ര.നം. | ആടിനെ വാങ്ങിയ ഗുണഭോക്താവ് | ആടിനെ വിൽപ്പന നടത്തിയ വ്യക്തി | ഗുണഭോക്താവുമായുള്ള ബന്ധം | നൽകിയ തുക |
|---|---|---|---|---|
| 1 | ശ്രീമതി കദീജ കെ.എം | ശ്രീമതി തബ്ഷീറ കെ.എം. | മാതാവ് | 10,000 |
| 2 | ശ്രീമതി അസ്മ എം. | ശ്രീമതി ഇത്തിക്കുട്ടി | മാതാവ് | 10,000 |
| ആകെ | | | | 20,000 |

32/27-02-2019 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് നിർവ്വഹണം നടത്തിയ കാലയളവിലെ ഉദ്യോഗസ്ഥനിൽ നിന്ന് മറുപടി ലഭ്യമാക്കാമെന്നാണ് അറിയിച്ചത്. ചെലവ് തുക 20,000/- രൂപ തടസ്സം ചെയ്യുന്നു.

## 1-26 വസ്തു നികുതി - മേഖലകളെ അശാസ്ത്രീയമായി തരം തിരിക്കുന്നു

- 2011-ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 7, പട്ടിക 1 പ്രകാരം ഗ്രാമപഞ്ചായത്തിന്റെ ഭൂപ്രദേശത്തെ വ്യത്യസ്ത മേഖലകളാക്കി തരം തിരിച്ചിട്ടുണ്ട്. ഇതു പ്രകാരം സർക്കാർ-അർദ്ധസർക്കാർ ഓഫീസുകൾ, വ്യാപാര സ്ഥാപനങ്ങൾ, മാർക്കറ്റ്, ആശുപത്രി എന്നിവ താരതമ്യേന കൂടുതലായി സ്ഥിതിചെയ്യുന്ന പ്രദേശങ്ങളെ അല്ലെങ്കിൽ താരതമ്യേന വികസിതമായ പ്രദേശങ്ങളെ പ്രഥമമേഖലകളായി കണക്കാക്കാവുന്നതാണ്. എന്നാൽ കോഡൂർ ഗ്രാമപഞ്ചായത്തിൽ ചെമ്മങ്കടവ് അങ്ങാടിയും പരിസരപ്രദേശങ്ങളെയും മാത്രമാണ് പ്രഥമ മേഖലയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. വളരെയധികം വ്യാപാര സ്ഥാപനങ്ങൾ സ്ഥിതി ചെയ്യുന്നതും, പല പ്രധാന റോഡുകളുടെയും സംഗമസ്ഥാനവുമായ ചട്ടിപ്പറമ്പ് അങ്ങാടിയും പരിസരപ്രദേശങ്ങളും ദ്വിതീയ മേഖലയിലാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. (ഭരണസമിതിയുടെ 26.05.11-ലെ 7(1) തീരുമാനം)

വികസിത പ്രദേശങ്ങളെ ദ്വിതീയ മേഖലകളിൽ ഉൾപ്പെടുത്തുന്നത് മൂലം, വസ്തു നികുതിയിൽ 10% ഇളവ് കൊടുക്കേണ്ടി വരികയും, ഇതു വഴി ഗ്രാമപഞ്ചാത്തിന് വസ്തുനികുതി ഇനത്തിൽ ലഭ്യമാകുമായിരുന്ന തുകയിൽ വലിയ കുറവ് വരുകയും ചെയ്യുന്നുണ്ട്. മേഖലകളെ ശാസ്ത്രീയമായി പുനർനിർണ്ണയിച്ച് വസ്തുനികുതിയിൽ നിന്നുള്ള വരുമാനം വർദ്ധിപ്പിക്കേണ്ടതാണ്.

ഇത് സംബന്ധിച്ച ഓഡിറ്റ് അന്വേഷണം നം. 11/23.02.21-നുള്ള മറുപടിയിൽ ആവശ്യമായ നടപടികൾ സ്വീകരിക്കാമെന്ന് സെക്രട്ടറി അറിയിച്ചിട്ടുണ്ട്.

## 1-27 വസ്തു നികുതി നിർണ്ണയിച്ചതിൽ അപാകത

7-ാം വാർഡിലെ 7/148C, D, E, F നമ്പറുകളുള്ള റൂമുകൾക്ക് 100 ചതുശ്രമീറ്ററിൽ കൂടുതൽ തറവിസ്തീർണ്ണമുണ്ടെങ്കിലും '100 ചതുശ്രമീറ്ററിൽ താഴെയുള്ള വാണിജ്യകെട്ടിടം' എന്ന ഉപയോഗക്രമത്തിൽ പെടുത്തി വസ്തു നികുതി കുറവായാണ് (ചതുശ്രമീറ്ററിന് 30/- രൂപ നിരക്കിൽ) നിർണ്ണയിച്ചിട്ടുള്ളത്. റൂമിന്റെ യഥാർത്ഥ ഉപയോഗക്രമം '100 ചതുശ്രമീറ്ററിൽ കൂടുതലുള്ള വാണിജ്യകെട്ടിടം' എന്നതും അടിസ്ഥാന വസ്തു

നികുതി നിരക്ക് ചതുശ്രമീറ്ററിന് 50/- രൂപ എന്നതുമാകുന്നു. റൂമുകളുടെ വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| കെട്ടിട നം. | വിസ്തീർണ്ണം (ച.മീറ്റർ) | നിലവിൽ ഈടാക്കുന്ന അടിസ്ഥാന വസ്തുനികുതി (ച.മീറ്ററിന് 30/- രൂപ നിരക്കിൽ) | യഥാർത്ഥ വസ്തു നികുതി (ച.മീറ്ററിന് 50/- രൂപ നിരക്കിൽ) | കുറവ് |
|---|---|---|---|---|
| 7/148C | 112.07 | 3362 | 5604 | 2242 |
| 7/148D | 120.06 | 3602 | 6003 | 2401 |
| 7/148E | 120.06 | 3602 | 6003 | 2401 |
| 7/148F | 120.06 | 3602 | 6003 | 2401 |
| | | | ആകെ | 9445 |

ഇത് സംബന്ധിച്ച ഓഡിറ്റ് അന്വേഷണം നം. 03/22.02.21-നുള്ള മറുപടിയിൽ വസ്തു നികുതിയുമായി ബന്ധപ്പെട്ട സഞ്ചയ സോഫ്റ്റ് വെയറിലെ അപാകത കാരണം കെട്ടിടത്തിന്റെ ഉപവിഭാഗം തെറ്റായി രേഖപ്പെടുത്തി എന്നാണ് അറിയിച്ചിട്ടുള്ളത്. സഞ്ചയ ഡാറ്റാബേസ് പരിശോധിച്ച് ഡാറ്റാ എൻട്രികളുടെ ആധികാരികത ഉറപ്പ് വരുത്തേണ്ടതാണ്. സഞ്ചയയിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തി മേൽ കെട്ടിടത്തിന്റെ വസ്തു നികുതി പുനർനിർണ്ണയിക്കേണ്ടതാണ്.

## 1-28 ബി.എസ്.എൻ.എൽ - സ്ഥാപന തൊഴിൽ നികുതി അടക്കുന്നില്ല

1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 204-ാം വകുപ്പ് പ്രകാരം പഞ്ചായത്തിന്റെ പരിധിയിലുള്ള എല്ലാ സ്ഥാപനങ്ങളും സ്ഥാപന തൊഴിൽ നികുതി അടക്കേണ്ടതാണ്. എന്നാൽ 2019-20-ലെ തൊഴിൽ നികുതി രജിസ്റ്റർ പ്രകാരം പൊതുമേഖലാ സ്ഥാപനമായ ബി.എസ്.എൻ.എൽ സ്ഥാപന തൊഴിൽ നികുതി (സ്ഥാപനം) അടച്ചിട്ടില്ല. തുടർ പരിശോധനയിൽ ടി സ്ഥാപനം 2018-19 വർഷത്തിലും തൊഴിൽ നികുതി (സ്ഥാപനം) അടച്ചിരുന്നില്ല എന്ന് ബോധ്യപ്പെട്ടു.

ഗ്രാമപഞ്ചായത്തിന്റെ വാർഷിക ധനകാര്യ പത്രിക പ്രകാരം തൻവർഷം 2500 രൂപയും, മുൻവർഷത്തിലെ 2500 രൂപയും ഉൾപ്പെടെ ആകെ 5000 രൂപ ടി സ്ഥാപനത്തിൽ നിന്നും ഗ്രാമപഞ്ചായത്തിന് കുടിശ്ശിക ഇനത്തിൽ ലഭിക്കാനുണ്ട്. ടി സ്ഥാപനത്തിൽ നിന്നും തൊഴിൽ നികുതി (സ്ഥാപനം) ഈടാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഇതു സംബന്ധിച്ച ഓഡിറ്റ് അന്വേഷണം നം. 10/23.02.21-നുള്ള മറുപടിയിൽ ആവശ്യമായ നടപടികൾ സ്വീകരിക്കാമെന്ന് സെക്രട്ടറി അറിയിച്ചിട്ടുണ്ട്.

## 1-29 പഞ്ചായത്ത് പ്രദേശത്ത് അനധികൃതമായി പ്രവർത്തിക്കുന്ന ഓഡിറ്റോറിയം സംബന്ധിച്ച്

പഞ്ചായത്ത് പ്രദേശത്ത് 2-ാം വാർഡ് വടക്കേമണ്ണയിലുള്ള റോസ് ലോഞ്ച് ഓഡിറ്റോറിയം കെട്ടിടത്തിനോട് (കെട്ടിട നം. 2/8) ചേർന്ന് പാർക്കിംഗ് കെട്ടിടം നിർമ്മിക്കുന്നതിനായി ഫയൽ നം. 1811/19 തീയ്യതി 16.04.19 പ്രകാരം അപേക്ഷ നൽകിയിരുന്നു. എന്നാൽ ടി നിർമ്മാണത്തിന് അനുമതി നൽകുന്നതിന് മുമ്പ് തന്നെ പാർക്കിംഗ് കെട്ടിടത്തിന്റെ നിർമ്മാണം തുടങ്ങിയതായി ഗ്രാമപഞ്ചായത്തിൽ ലഭ്യമായ രേഖകളിൽ നിന്നും വ്യക്തമാണ് (പഞ്ചായത്ത് സെക്രട്ടറിയുടെ 10.05.2019-ലെ എ2-1811/19 നം. കത്ത്).

കെട്ടിടത്തിന്റെ ലേ-ഔട്ട് സംബന്ധിച്ച് ജില്ലാ നഗരാസൂത്രകയിൽ നിന്നും ലഭിച്ച കത്തിൽ (നം. എ3/1378/19/ എൽഡിസ് തീയ്യതി 03.08.19) കെട്ടിടത്തിന്റെ ഓഫ്-സെറ്റ് (കെ.പി.ബി.ആർ ചട്ടം 58(7)), റോഡിൽ നിന്നുള്ള അകലം (പഞ്ചായത്ത് രാജ് ആക്ട്, വകുപ്പ് 220ബി) തുടങ്ങിയവയിൽ ചട്ടലംഘനങ്ങൾ ഉണ്ടായിട്ടുണ്ടെന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. അപാകതകൾ പരിഹരിക്കാനായി കെട്ടിട ഉടമക്ക് 08.08.19-ന് കത്തെഴുതിയിരുന്നു. ഇതു കൂടാതെ 28.06.2019-ന് ഗ്രാമപഞ്ചായത്തിൽ നിന്നും നൽകിയ നം. 1811/19 നോട്ടീസിൽ അനധികൃത നിർമ്മാണങ്ങൾ പൊളിച്ചു മാറ്റുന്നതിനായി നിർദേശിച്ചിരുന്നു. എന്നാൽ ഇതിൻമേൽ തുടർനടപടിയൊന്നും സ്വീകരിച്ചതായി കാണുന്നില്ല.

ഇത് സംബന്ധിച്ച ഓഡിറ്റ് അന്വേഷണം നം. 14/23.02.21-നുള്ള മറുപടിയിൽ പാർക്കിംഗ് നിർമ്മാണം ചട്ടപ്രകാരമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാമെന്ന് സെക്രട്ടറി അറിയിച്ചിട്ടുണ്ട്.

## 1-30 ആസ്തി സംരക്ഷണ പദ്ധതി -നടപ്പിലായില്ല

ജി.ഒ.(എ.എസ്) 11/2018 ത.സ്വ.ഭ.വ. തി. 29/1/2018 പതിമൂന്നാം പദ്ധതി മാർഗ്ഗരേഖ ഖണ്ഡിക 6.7 പ്രകാരം മെയിന്റനൻസ് ഫണ്ടും കഴിയുന്ന തനത് ഫണ്ടും ഉപയോഗിച്ച് ഒരു പ്രത്യേക ആസ്തി സംരക്ഷണപദ്ധതി തയ്യാറാക്കേണ്ടതാണ്. കൈമാറി കിട്ടിയ സ്ഥാപനങ്ങലുടെ ഗുണമേന്മ വർദ്ധിപ്പിക്കുക, സേവന നിലവാരം ഉയർത്തുക, ആസ്തി വിപുലപ്പെടുത്തുക, സ്ഥാപനങ്ങളെ ഉന്നത നിലവാരത്തിലേക്ക് ഉയർത്തുക, ടോട്ടൽ ക്വാളിറ്റി മാനേജ്മെന്റിലൂടെ ഐ.എസ്.ഒ. സർട്ടിഫിക്കേഷൻ ലഭ്യമാക്കുക തുടങ്ങിയവക്ക് വേണ്ടിയാണ് ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കേണ്ടത്. ഘടക സ്ഥാപന മേധാവികളുടെ യോഗത്തിൽ അംഗീകരിച്ച പ്രൊജക്ടുകളാണ് പദ്ധതിയിൽ ഉൾപ്പെടുത്തേണ്ടത് എന്നും പദ്ധതി രേഖയിൽ നിഷ്കർഷിച്ചിട്ടുണ്ട്.എന്നാൽ അത്തരത്തിൽ ഘടകസ്ഥാപന മേധാവികൾ യോഗം കൂടി പദ്ധതി നടപ്പിലാക്കി അംഗീകരിച്ചതിന്റെ രേഖകളൊന്നും ലഭ്യമായില്ല.

ഗ്രാമപഞ്ചായത്തിലെ സ്റ്റാറ്റസ് റിപ്പോർട്ട് 19-20 പ്രകാരം പി.എച്ച്.സി ഏകദേശം 60 വർഷത്തോളം പഴക്കമുള്ള ഓടിട്ട കെട്ടിടത്തിലാണ് പ്രവൃത്തിക്കുന്നതെന്നും നിലവിലെ ആശുപത്രി കെട്ടിടത്തിലെ അടിസ്ഥാന സൗകര്യങ്ങൾ വളരെ പരിമിതമാണെന്നും മരുന്നുകൾ സൂക്ഷിക്കുന്നതിന് ശീതീകരിച്ച ഫാർമസിയോ രോഗികൾക്ക് ഇരിക്കുന്നതിന് മതിയായ ഇരിപ്പിടങ്ങളോ ഇല്ലെന്നും വ്യക്തമാണ്. കൂടാതെ വി.ഇ.ഒ ഓഫീസും പരിമിതമായ സൗകര്യത്തോടെയാണ് പ്രവൃത്തിക്കുന്നത്. ഫയലുകൾ സൂക്ഷിക്കുന്നതിന് അലമാര, ഇൻറർനെറ്റ് സൗകര്യം തുടങ്ങിയവയുടെ ആവശ്യകതയും ഉണ്ട്. ഘടകസ്ഥാപനങ്ങളിൽ അടിസ്ഥാനസൗകര്യങ്ങളുടെ അഭാവം ഉണ്ടെന്നിരിക്കെ ആയത് പരിഹരിക്കുന്നതിന് ജി.ഒ.(എ.എസ്) 11/2018 ത.സ്വ.ഭ .വ .തി.29/1/2018 പതിമൂന്നാം പദ്ധതി മാർഗ്ഗരേഖ ഖണ്ഡിക 6.7 പ്രകാരം ആസ്തി സംരക്ഷണ പദ്ധതി നടപ്പിലാക്കിയില്ല. മാർഗ്ഗരേഖ പ്രകാരം പദ്ധതികൾ തയ്യാറാക്കി നടപ്പിലാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-31 വ്യാപാരസ്ഥാപനങ്ങളുടെ ലൈസൻസ് പരിശോധന - അപാകതകൾ

2019-20 വർഷത്തിൽ ഗ്രാമ പഞ്ചായത്ത് പ്രദേശത്തെ വ്യാപാര സ്ഥാപനങ്ങൾക്ക് ലൈസൻസ് നൽകിയതിന്റെ സംക്ഷിപ്തം ചുവടെ കൊടുക്കുന്നു

| | |
|---|---|
| 2018-19 വർഷത്തിൽ ആകെ നൽകിയ ലൈസൻസുകൾ | 329 |
| 2019-20 വർഷത്തിൽ നൽകിയ ലൈസൻസുകൾ | 352 |
| 01.04.2019 മുമ്പ് പുതുക്കി നൽകിയ ലൈസൻസുകൾ | 80 |

പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ ചുവടെ കൊടുക്കുന്നു

1. ലൈസൻസുകൾ പുതുക്കുന്നതിന് കാലതാമസം നേരിടുന്നു

1996-ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും, വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളിലെ ചട്ടം 10 പ്രകാരം ഗ്രാമപഞ്ചായത്ത് പ്രദേശത്തുള്ള സ്ഥാപനങ്ങൾ ഡി&ഒ/FACTEOS ലൈസൻസ് പുതുക്കുന്നതിനുള്ള അപേക്ഷ ഏതൊരു വർഷവും അവസാനിക്കുന്നതിന് മുപ്പത് ദിസവത്തിനുള്ളിൽ സമർപ്പിക്കേണ്ടതും ഗ്രാമപഞ്ചായത്ത് സെക്രട്ടറി സാമ്പത്തിക വർഷം ആരംഭിക്കുന്നതിന് മുമ്പ് ലൈസൻസ് പുതുക്കി നൽകേണ്ടതുമാണ്. എന്നാൽ ഗ്രാമപഞ്ചായത്ത് ഡി&ഒ രജിസ്റ്റർ പ്രകാരം 2019-20 വർഷത്തിൽ ആകെ ലൈസൻസ് നൽകിയ 352 സ്ഥാപനങ്ങളിൽ 80 സ്ഥാപനങ്ങൾക്ക് മാത്രമാണ് ഈ സമയപരിധിക്കുള്ളിൽ ലൈസൻസ് പുതുക്കി നൽകിയിട്ടുള്ളത്. സ്ഥാപനങ്ങൾ സമയപരിധിക്കുള്ളിൽ ലൈസൻസ് പുതുക്കുന്നെണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

2. പുതിയതായി നൽകുന്ന ലൈസൻസുകൾ പ്രത്യേകമായി രേഖപ്പെടുത്തുന്നില്ല

സ്ഥാപനങ്ങൾക്ക് പുതിയതായി ലൈസൻസ് നൽകുമ്പോൾ ആ വസ്തുത വ്യക്തമായി രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതാണ്. എന്നാൽ 2019-20 ലെ ഡി & ഒ രജിസ്റ്ററിൽ ഇങ്ങനെ രേഖപ്പെടുത്തിയിട്ടില്ല. ഇതു കാരണം ലൈസൻസ് പുതിയതായി അനുവദിച്ചതാണോ അല്ലെങ്കിൽ പുതുക്കി നൽകിയതാണോ എന്ന് തിരിച്ചറിയാനാകാത്ത സാഹചര്യമുണ്ട്.

ഇതു സംബന്ധിച്ച ഓഡിറ്റ് അന്വേഷണം നം. 09/22.02.21-നുള്ള മറുപടിയിൽ ആവശ്യമായ നടപടികൾ സ്വീകരിക്കാമെന്ന് സെക്രട്ടറി അറിയിച്ചിട്ടുണ്ട്.

## 1-32 ദുരിതാശ്വാസ നിധി നല്ല രൂപത്തിൽ പരിപാലിക്കേണ്ടതാണ്.

2003 കേരള പഞ്ചായത്ത് രാജ് (ദുരിതാശ്വാസ നിധി രൂപീകരണവും വിനിയോഗവും) ചട്ടങ്ങൾ പ്രകാരം പേമാരി, വെള്ളപ്പൊക്കം, പ്രകൃതിക്ഷോഭം, അഗ്നി ബാധ, കൊടുങ്കാറ്റ്, കടലാക്രമണം, അത്യാഹിതം, മാറാ രോഗങ്ങൾ എന്നിവ മൂലം ദുരിതമനുഭവിക്കുന്ന ഗ്രാമ പഞ്ചായത്ത് നിവാസികളും നിർധനരുമായ വ്യക്തികൾക്ക് അടിയന്തിര സഹായം നൽകുന്നതിനായി ഒരു പ്രമേയം മൂലം മറ്റ് ഫണ്ടുകളിൽ നിന്ന് വേറിട്ട് സൂക്ഷിക്കുന്ന ഒരു ദുരിതാശ്വാസ നിധി രൂപീകരിക്കാവുന്നതാണ്. കലാ കായിക വിനോദപരിപാടികൾ സംഘടിപ്പിച്ചും, വ്യക്തികൾ, സംഘടനകൾ, സ്ഥാപനങ്ങൾ എന്നിവയിൽ നിന്ന് സംഭാവനകൾ സ്വീകരിച്ചും ദുരിതാശ്വാസ നിധിയിലേക്ക് ധനം സ്വരൂപിക്കാവുന്നതാണ്. നിധി കൈകാര്യം ചെയ്യുന്നതിനായി പ്രസിഡന്റ്, സെക്രട്ടറി, ഒരു മെമ്പർ എന്നിവർ അടങ്ങുന്ന ഒരു സബ്കമ്മിറ്റി രൂപീകരിക്കേണ്ടതാണ്. ദുരിതമനുഭവിക്കുന്ന അർഹരായ വ്യക്തികൾക്ക് 500 രൂപ വരെ അടിയന്തിരസഹായം നൽകാൻ ചട്ടം വ്യവസ്ഥ ചെയ്തിട്ടുണ്ട്.

ഗ്രാമപഞ്ചായത്തിന്റെ വാർഷിക കണക്കുകൾ പരിശോധിച്ചപ്പോൾ 31-3-2018 ന് 1000 രൂപ നിക്ഷേപിച്ച് കേരള ഗ്രാമീൺ ബാങ്ക് കോഡൂർ ശാഖയിൽ 40165101055636 നമ്പർ അക്കൗണ്ട് തുടങ്ങി ഇപ്രകാരം ഒരു ദുരിതാശ്വാസ നിധി രൂപീകരിച്ചതായി ബോധ്യപ്പെട്ടു. എന്നാൽ ദുരിതാശ്വാസ നിധിയിൽ നിന്ന് നാളിതു വരെ യാതൊരു സഹായവും നൽകിയിട്ടില്ല. നിധിയിലേക്ക് തുക സമാഹരിക്കുന്നതിന് നടപടികളൊന്നും സ്വീകരിച്ചതായും കാണുന്നില്ല.

ദുരിതാശ്വാസ നിധി നല്ല രൂപത്തിൽ പരിപാലിക്കാത്തതിനാൽ സമൂഹത്തിലെ ജനങ്ങൾക്ക് ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്നല്ലാതെ മറ്റൊരു ഫണ്ടിൽ നിന്നും ധനസഹായം ലഭ്യമാകുന്നതിനുള്ള സാഹചര്യം ഇല്ലാതായി.

ദുരിതാശ്വാസ നിധി നല്ല രീതിൽ പരിപാലിക്കുന്നതിനുള്ള സാധ്യത പരിശോധിക്കേണ്ടതാണ്.

(ദുരിതാശ്വാസ നിധി നല്ല രൂപത്തിൽ പരിപാലിക്കുന്നതിന് ശ്രമിക്കുന്നതാണെന്ന് മറുപടി സമർപ്പിച്ചിട്ടുണ്ട്.)

## 1-33 വിനിയോഗ / പൂർത്തീകരണ സാക്ഷ്യപത്രം ഹാജരാക്കിയില്ല

സെക്രട്ടറി നിർവ്വഹണം നടത്തിയ താഴെ പറയുന്ന ചെലവുകൾക്കാധാരാമായ വിനിയോഗ / പൂർത്തീകരണ സാക്ഷ്യപത്രം ഹാജരാക്കിയില്ല.

| ക്രമ നം | ബില്ലിന്റെ വിവരം | വൗച്ചർ നം./ ബിൽ നം.തിയ്യതി | തുക | റിമാർക്സ് |
|---|---|---|---|---|
| 1 | കോട്ടപറമ്പ് ഒ.എച്ച് എസ്.ആർ ഭാഗത്തേക്ക് കുടിവെള്ള പൈപ്പ് ലൈൻ സ്ഥാപിക്കൽ KWA മലപ്പുറത്തിന് നൽകിയത്<br>(പ്രൊജക്ട് നം.128/20) | ബിൽ നം.3/19-20 തി.23.6.2019 | 4,00,000<br>വികസനഫണ്ട്(ജനറൽ) | വിനിയോഗ / പൂർത്തീകരണ സാക്ഷ്യപത്രം ഇല്ല |
| 2 | പെരിങ്ങോട്ടുപുലം കുടിവെള്ള പദ്ധതിയുടെ കേടായ പി.വി.സി പൈപ്പ് മാറ്റി 125mm GI പൈപ്പ് സ്ഥാപിക്കുന്ന പ്രവൃത്തി KWA മലപ്പുറത്തിന് നൽകിയത്<br>ഉമ്മത്തൂർ കപ്പോടത്ത് അംഗൻവാടി & ചെമ്മങ്കടവ് പാറക്കൽ അംഗൻവാടി ഭാഗത്തേക്ക് പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ KWA മലപ്പുറത്തിന് നൽകിയത്<br>(പ്രൊജക്ട് നം.195/20) | ബിൽ നം6/19-20 തി.29.7.2019<br>600000 | 3,80,000(ധനകാര്യ കമ്മീഷൻ ഗ്രാന്റ്)<br>2,20,000 (ധനകാര്യ കമ്മീഷൻ ഗ്രാന്റ്) | വിനിയോഗ / പൂർത്തീകരണ സാക്ഷ്യപത്രം ഇല്ല<br>വിനിയോഗ / പൂർത്തീകരണ സാക്ഷ്യപത്രം ഇല്ല |
| 3 | 1.പൈപ്പ് ലൈൻ നീട്ടൽ മൂന്നാംഘട്ടം (കഞ്ഞിപ്പുര റോഡ് പന്തക്കളം) | ബിൽ നം18/13.3.20 | 3,30,000 | വിനിയോഗ / പൂർത്തീകരണ |

| | | | | |
|---|---|---|---|---|
| | 2.പൈപ്പ് ലൈൻ നീട്ടൽ മൂന്നാംഘട്ടം (ബഡ്സ് സ്കൂൾ കുട്ടമ്മൽ)<br>3.പൈപ്പ് ലൈൻ നീട്ടൽ മൂന്നാംഘട്ടം<br>A.പള്ളിയാൽ തൊടി അംഗൻവാടി<br>B.വലിയാട് അറക്കൽ ഭാഗത്തേക്ക്<br>C.മേലെ വലിയാട് കടുങ്ങാതൊടി ഇടവഴിയിലേക്ക്<br>D. താണിക്കൽ തൊഴത്ത് പിലാവ് റോഡ്<br>(പ്രൊജക്ട് നം.234/20) | ബിൽ നം19/13.3.20<br>ബിൽ നം20/13.3.20 | (ധനകാര്യ കമ്മീഷൻ ഗ്രാന്റ്)<br>3,00,000(ധനകാര്യ കമ്മീഷൻ ഗ്രാന്റ്)<br>3,70,000(ധനകാര്യ കമ്മീഷൻ ഗ്രാന്റ്)<br>ആകെ10,00,000 | സാക്ഷ്യപത്രം ഇല്ല |
| 4 | പാറമ്മൽ അംഗൻവാടിക്ക് കുഴൽ കിണർ ജില്ലാ ഭൂജല ഓഫീസ് മലപ്പുറത്തിന് ൽകിയത്<br>(പ്രൊജക്ട് നം.226/20) | 21900640/12.11.19 | 55,888 | വിനിയോഗ / പൂർത്തീകരണ സാക്ഷ്യപത്രം ഇല്ല |
| 5 | ചാലാട് അംഗൻവാടിക്ക് കുഴൽ കിണർ ജില്ലാ ഭൂജല ഓഫീസ് മലപ്പുറത്തിന് ൽകിയത്<br>(പ്രൊജക്ട് നം.126/20) | 21900641/12.11.19 | 55,296 | വിനിയോഗ / പൂർത്തീകരണ സാക്ഷ്യപത്രം ഇല്ല |
| 6 | ചോലക്കൽ വലിയ പറമ്പ് പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ KWA മലപ്പുറത്തിന് നൽകിയത്<br>(പ്രൊജക്ട് നം.262/20) | 21901115/10.3.20 | 18,000 | വിനിയോഗ സാക്ഷ്യപത്രം ഇല്ല |
| 7 | കൊങ്കയം കുടിവെള്ള പദ്ധതിക്ക് പമ്പ് സെറ്റ്KWA മലപ്പുറത്തിന് നൽകിയത്<br>(പ്രൊജക്ട് നം.262/20) | 21901185/23.3.20<br>21901186/23.3.20 | 3,00,000<br>3,00,000 | വിനിയോഗ സാക്ഷ്യപത്രം ഇല്ല |

ആകെ 27,29,184

വിനിയോഗ /പൂർത്തീകരണ സാക്ഷ്യപത്രം ഹാജരാക്കാത്തതിനാൽ ചെലവ് തുക തടസ്സം ചെയ്യുന്നു.

## 1-34 വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല

സെക്രട്ടറി നിർവ്വഹണം നടത്തിയ താഴെപറയുന്ന ചെലവുകൾക്കാധാരാമായ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല.

| ക്രമ നം | ബില്ലിന്റെ വിവരം | വൗച്ചർ നം./ബിൽ നം.തിയ്യതി | തുക | റിമാർക്സ് |
|---|---|---|---|---|
| 1 | PMAY അധിക വിഹിതം(ജനറൽ)<br>മലപ്പുറം ബ്ലോക്ക് പഞ്ചായത്തിന് നൽകിയത്<br>(പ്രൊജക്ട് നം.128/20) | ബിൽ നം.10/19-20 തി.19.9.2019 | 100000<br>വികസനഫണ്ട്(ജനറൽ) | വിനിയോഗ സാക്ഷ്യപത്രം ഇല്ല |

വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കുന്നത് വരെ ചെലവ് തുക തടസ്സം ചെയ്യുന്നു.

## 1-35 മുൻകൂർ ക്രമീകരിക്കാത്തത്

മുൻകൂർ രജിസ്റ്റർ പരിശോധിച്ചതിൽ താഴെ പറയുന്ന മുൻകൂർ നൽകിയ തുകകൾ സമയബന്ധിതമായി ക്രമീകരിച്ചതായി കാണുന്നില്ല

| ക്രമ നം | തുക | നൽകിയവർഷം | റിമാർക്സ് |
|---|---|---|---|
| 1 | 300 | 2013-14 | Advance Payment To Geology Dept |
| 2 | 1728 | 2013-14 | River Management Fund |
| 3 | 230000 | 2013-14 | Advance To Implementing Officers |
| 4 | 94500<br>317500<br>363497<br>--------------<br>775497 | 17-18<br>18-19<br>19-20 | Advance To Others (MGNREGS Honararium) |

മുൻകൂറുകൾ ക്രമീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-36 പരുവണ്ണ അംഗൻവാടിക്ക് സ്ഥലം വാങ്ങൽ -അപാകതകൾ

2019-20 സെക്രട്ടറി നിർവ്വഹണം നടത്തിയ പരുവണ്ണ അംഗൻവാടിക്ക് സ്ഥലം വാങ്ങൽ എന്ന പദ്ധതിക്കായി (പ്രൊജക്ട് നം. 228/20) 495000 (വികസനഫണ്ട്) രൂപ (ബിൽ നം.13/21.10.2019) കോഡൂർ വില്ലേജ് ഓഫീസറുടെ വാല്യോഷൻ സർട്ടിഫിക്കറ്റ് പ്രകാരം ശ്രീ കുരി അബ്ദുൾഖാദർ എം. എന്നയാൾക്ക് നൽകിയിട്ടുണ്ട്. ഫയൽ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1. 2005 -ലെ കേരള പഞ്ചായത്ത് രാജ് (വസ്തു ആർജ്ജിക്കലും കയ്യൊഴിക്കലും) ചട്ടം 5 (സി) പ്രകാരം ആർജ്ജിക്കാൻ ഉദ്ദേശിക്കുന്ന വസ്തുവിന് നൽകുന്ന വില ബന്ധപ്പെട്ട തഹസിൽദാർ/ജില്ലാ കളക്ടർ രേഖാമൂലം നിശ്ചയിക്കുന്ന വിലയാണ് നല്കേണ്ടത്. എന്നാൽ കോഡൂർ വില്ലേജ് ഓഫീസറുടെ വാല്യോഷൻ സർട്ടിഫിക്കറ്റ് പ്രകാരമാണ് തുക നൽകിയിട്ടുള്ളത്.

2.2005 -ലെ കേരള പഞ്ചായത്ത് രാജ് (വസ്തു ആർജ്ജിക്കലും കയ്യൊഴിക്കലും) ചട്ടം 5 -3 (1)ഉപചട്ടപ്രകാരം അനുബന്ധം 1 നിർദ്ദേശിച്ച പ്രകാരം ഗ്രാമ പഞ്ചായത്തിന്റെ പേരിലാണ് രജിസ്ട്രേഷൻ നടത്തേണ്ടത് എന്നിരിക്കെ അന്നത്തെ സെക്രട്ടറിയുടെ പേരിലാണ് രജിസ്റ്റർ ചെയ്തിട്ടുള്ളത്.

മേൽ അപാകതകൾക്ക് കാരണം വ്യക്തമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നം. 8/23.2.2021 നൽകിയതിന് സ.ഉ (എം.എസ്) നം.136/2007/ആർ ഡി നം.തി.27/4/2007 ലെ ഉത്തരവ് പ്രകാരം 5 ലക്ഷത്തിന് താഴെ വില്ലേജ് ഓഫീസർക്ക് വാല്യേഷൻ നൽകാം എന്നതിനാലാണ് വില്ലേജ് ഓഫീസറുടെ വാല്യേഷൻ പ്രകാരം നൽകിയത് എന്ന മറുപടിയാണ് നൽകിയത്. മേൽ ഉത്തരവ് പൊതുജനങ്ങൾക്ക് ബാധകമായ ഉത്തരവ് ആയതിനാലും, പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ ഉത്തരവ് ഡി 5-2304/2019/കെ.ഡി.സ്.തി.30/09/2019 കത്ത് പ്രകാരം വാങ്ങുന്ന വസ്തുവിന് ബന്ധപ്പെട്ട തഹസിൽദാർ/ജില്ലാ കളക്ടർ രേഖാമൂലം നിശ്ചയിക്കുന്ന വിലയാണ് നല്കേണ്ടത് എന്ന് നിഷ്കർഷിച്ചിട്ടുള്ളതിനാലും മറുപടി സ്വീകാര്യമല്ല. ചെലവ് തുക495000 രൂപ തടസ്സം ചെയ്യുന്നു.

## ഭാഗം -2

# വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## 3-1 കുടിവെള്ള പദ്ധതി - GI പൈപ്പ് സ്ഥാപിക്കുന്നതിന് അധിക തുക നൽകി.

(ഖണ്ഡിക 1-19 ലെ പരാമർശം)

കുടിവെള്ള പദ്ധതിയിൽ GI പൈപ്പ് സ്ഥാപിക്കുന്നതിന് അധിക തുക നൽകിയത് മൂലം ഗ്രാമപഞ്ചായത്തിന് നഷ്ടം ഉണ്ടായി.

2019-20 ൽ നടപ്പാക്കിയ തണ്ണീർച്ചോല കുടിവെള്ള പദ്ധതി പൂർത്തീകരണം (പ്രൊജക്ട് നമ്പർ 125/20) യിൽ ഭൗമോപരിതലത്തിലൂടെ GI പൈപ്പ് സ്ഥാപിച്ച പ്രവൃത്തിക്ക് തെറ്റായ നിരക്ക് അനുവദിച്ച് നൽകിയത് മൂലമാണ് അധികം തുക നൽകാൻ ഇടയായത്.

ഈ പ്രവൃത്തിയുടെ എസ്റ്റിമേറ്റിലെ ഇനം 1 ൽ 80 Mm GIപൈപ്പ് സ്ഥാപിക്കുന്നതിന് ട്രഞ്ചിംഗ് & റിഫില്ലിംഗ് എന്നതിന് കൂടി തുക വകയിരുത്തിയിട്ടുണ്ട് ( DSR 18.12.8 @755.36 /M Cost Index 31.06% ). ഫൈനൽ ബിൽ നൽകിയപ്പോൾ ഇനം 1 ൽ 306.05 M പ്രവൃത്തി ട്രഞ്ചിംഗ് & റിഫില്ലിംഗ് നടത്താതെയാണ് ചെയ്തത്. ആയതിനാൽ ട്രഞ്ചിംഗ് & റിഫില്ലിംഗ് നടത്താത്ത ഇനത്തിന് 718.36/M രൂപ അംഗീകരിച്ച് കരാറുകാരന് പണം നൽകുകയും ചെയ്തിട്ടുണ്ട്.

പ്രവൃത്തിയുടെ വിശദ വിവരങ്ങൾ താഴെ നൽകുന്നു.

പ്രവൃത്തി - തണ്ണീർച്ചോല കുടിവെള്ള പദ്ധതി പൂർത്തീകരണം (125/20)

അടങ്കൽ - 495000 –( തനത് ഫണ്ട്, ധനകാര്യ കമ്മീഷൻ അവാർഡ് )

കരാറുകാരൻ - ശ്രീ ലുക് മാൻ

കരാർ - 93/19-20 Dt 27.01.20 ( എസ്റ്റിമേറ്റ് തുകയാണ് ക്വോട്ട് ചെയ്തത് )

എം ബുക്ക് -194/18-19,

തൻവർഷത്തെ ചെലവ് - 172866 (വൗച്ചർ നമ്പർ 21901040/ 24.02.2020 )- തനത് ഫണ്ട്

GI പൈപ്പ് ട്രഞ്ചിംഗ് & റിഫില്ലിംഗ് നടത്താതെ ഭൗമോപരിതലത്തിലൂടെ സ്ഥാപിക്കുന്നതിന് നൽകാവുന്ന നിരക്ക് നിരക്ക് ഡാറ്റ താഴെ നൽകുന്നു.

80 Mm Dia Nominal Bore

Details For 10 Meter

| Code | Description | Unit | Quantity | Rate | Amount |
|---|---|---|---|---|---|
| 1552 | GI Pipe 80 Mm Dia<br>1.02x86.40 = 88.128 Kg<br>= 0.088128 Tonne | Meter | 10.2 | 400 | 4080 |
| 2271 | Carriage Of GI Pipe Below 100 Mm Dia | Tonne | 0.08813 | 92.24 | 8.13 |
| 9999 | Sundries | LS | 13.52 | 1.73 | 23.39 |
| Labour | | | | | |
| 116 | Fitter(Grade I) | Day | 0.25 | 487 | 121.75 |
| 114 | Beldar | Day | 0.66 | 368 | 242.88 |
| Total | | | | | 4476.15 |
| Add Water Charge @1% | | | | | 44.76 |
| Total | | | | | 4520.91 |
| Add CPOH @15% | | | | | 678.14 |
| Cost Of 10 Meter | | | | | 5199.05 |
| Cost Per Meter | | | | | 519.905 |
| Say | | | | | 519.91 |
| Cost Index @ 31.06 % | | | | | 161.48 |
| | | | | | |

| | | |
|---|---|---|
| Total With Cost Index | | 681.39 |

അധിക തുക നൽകിയതിന്റെ വിവരം താഴെ നൽകുന്നു.

| പ്രവൃത്തി | ഭൗമോപരിതലത്തിലൂടെ സ്ഥാപിച്ച GI പൈപ്പിന്റെ നീളം | നൽകിയ തുക @718.36/M | നൽകാവുന്ന തുക @681.39 | അധികം |
|---|---|---|---|---|
| 80 MmGI പൈപ്പ് സ്ഥാപിക്കൽ | 306.05 M | 219854.08 (306.05x718.36) | 208539.41 (306.05x681.39) | 11315 (219854.08-208539.41 ) |

അധികമായി അനുവദിച്ച് നൽകിയ തുക 12673 രൂപ (11315+12% GST) ഉത്തരവാദികളിൽ നിന്ന് ഈടാക്കി തിരിച്ചടക്കേണ്ടതാണ്.
ഇക്കാര്യം പരാമർശിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നമ്പർ 12/23.02.2021) മറുപടി ലഭ്യമാക്കിയിട്ടില്ല.

## ഭാഗം -4

### 4-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ /തീയതി |
|---|---|---|
| 2019-20 | 22.02.2021 മുതൽ 2.03.2021വരെ | ഈ റിപ്പോർട്ടിന്റെ ഭാഗമാക്കി |

### 4-2 സംയുക്ത പ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം

| | ലഭിച്ച തുക | പദ്ധതി പേര്, നമ്പർ | ചെലവഴിച്ച തുക | നീക്കിയിരിപ്പ് |
|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 3,00,000 | പ്രോ.നം- ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്ക് സ്കോളർഷിപ്പ് നൽകൽ | 3,00,000 | 3,00,000 |
| ജില്ലാ പഞ്ചായത്ത് | 6,00,000 | പ്രോ.നം- ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്ക് സ്കോളർഷിപ്പ് നൽകൽ | 6,00,000 | 00 |

### 4-3 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല

### 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല.

### 4-5 വായ്പ/വായ്പ തിരിച്ചടവ്

ഇല്ല.

### 4-6 സ്ഥിര നിക്ഷേപം

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 10,90,000 |

| | |
|---|---|
| തൻവർഷം നിക്ഷേപിച്ച തുക ( പലിശ) | 98,100 |
| ആകെ | 11,88,100 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 11,88,100 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു .

| നിക്ഷേപത്തിന്റെ വിവരം | തുക | രശീതി നമ്പർ |
|---|---|---|
| കോട്ടക്കൽ കോ-ഓപ്പറേറ്റീവ് അർബൻ ബാങ്ക് ലിമിറ്റഡ്(FD ST/010813 Dated 28.09.2018) | 11,88,100/- | FDST/010813 തിയതി.28.09.2019 |

## 4-7 ഓഡിറ്റ് റിക്കവറി

ഇല്ല.

## 4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിററ് നിയമം 23 -ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളിൽ തീർപ്പാക്കാനവശേഷിക്കുന്നവയുടെ വിശദവിവരങ്ങൾ താഴെ ചേർക്കുന്നു

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം |
|---|---|---|---|---|
| 2001-02 | 3-9 | 2006-07 | 3.71.4 | വാട്ടർ അതോറിറ്റിയിൽ നിക്ഷപിച്ച തുകയുടെ പൂർത്തീകരണ സാക്ഷ്യപത്രം സംബന്ധിച്ച് |

## 4-9 ചാർജ് സർചാർജ് നടപടികളുടെ വിവരം.

| ക്രമ നമ്പർ | റിപ്പോർട്ട് വർഷം | ഖണ്ഡിക നമ്പർ | ഉത്തരവാദിയായ വ്യക്തി | ചാർജ്ജ് /സർ ചാർജ്ജ് സർട്ടിഫിക്കറ്റ് | | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|---|
| | | | | നമ്പറും തിയതിയും | തുക | |
| 1 | 1997-98 | 3-2, 3-3, | ശ്രീ.ഒ.ഉണ്ണികൃഷ്ണൻ | LF 21822/Spl.Cell/SC5/03 Dt. 24.07.2014 | 2247/- | സെക്രട്ടറിയുടെ 05-6-2012ലെ എ1/201/2007 കത്ത് ശ്രീ. ഒ.ഉണ്ണികൃഷ്ണൻ മരണപ്പെട്ടതായി അറിയിച്ചിട്ടുണ്ട്. |

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| മുന്നിരിപ്പ് | 1,12,67,786 |
| ഓഡിറ്റ് വർഷത്തെ വരവ് | 6,69,06,564 |
| ആകെ | 7,81,74,250 |
| ഓഡിറ്റ് വർഷത്തെ ചെലവ് | 6,45,03,084 |
| നീക്കിയിരിപ്പ് | 1,36,71,166 |
| വരവിനങ്ങളിലുള്ള നഷ്ടം | 0 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 11,315 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 36,27,500 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഖണ്ഡിക 3-1 : Rs. 11,315 പി. ശുഭ ,Assistant Engineer

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-18 | 1,72,460 | ശ്രീ .കെ. പ്രേമാനന്ദൻ Secretary |
| 1-22 | 1,10,856 | ഡോ.മുഹമ്മദ് അൻവർ പി -മെഡിക്കൽ ഓഫീസർ(പി.എച്ച്.സി) |
| 1-26 | 20,000 | ഡോ. വിപിൻ വി.പി, Vet. Surgeon |
| 1-34 | 27,29,184 | 4,00,000-ശ്രീ . കെ. പ്രേമാനന്ദൻ Secretary |
| | | 23,29,184 – ശ്രീമതി റോസി. സി, Secretary |
| 1-35 | 1,00,000 | ശ്രീമതി റോസി. സി, Secretary |
| 1-36 | 4,95,000 | ശ്രീമതി റോസി. സി, Secretary |
| **ആകെ** | 36,27,500 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം
ഖണ്ഡിക 3-1 : GST 12% Of 11,315/-

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ
ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

ഖണ്ഡിക 3-1 : ശ്രീമതി ശുഭ.പി, അസിസ്റ്റൻറ് എഞ്ചിനീയർ പുത്തില്ലൻ ഹൗസ്, പാണായി, ആനക്കയം പി.ഒ., മലപ്പുറം ജില്ല-676509

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാനവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1988-89<br>1989-90,1990-91 | കെ.എസ്.എ.എം.പി.എം 27/1695/18 തി.18.01.2018 | 2 |
| 1991-92,1992-93 | കെ.എസ്.എ.എം.പി.എം 27/1695/18 തി. 18.01.2018 | 6 |
| 1993-94,1994-95 | കെ.എസ്.എ.എം.പി.എം 27/1695/18 തി. 18.01.2018 | 10 |
| 1995-96 | കെ.എസ്.എ.എം.പി.എം 27/1695/18 തി.18.01.2018 | 5 |
| 1996-97 | കെ.എസ്.എ.എം.പി.എം 27/1695/18 തി. 18.01.2018 | 4 |
| 1997-98 | കെ.എസ്.എ.എം.പി.എം 27/1695/18 തി. 18.01.2018 | 8 |
| 1998-99 | കെ.എസ്.എ.എം.പി.എം 27/1695/18 തി. 18.01.2018 | 10 |
| 1999-00 | കെ.എസ്.എ.എം.പി.എം 27/1695/18 തി. | 8 |

| | | |
|---|---|---|
| | 18.01.2018 | |
| 2000-01 | കെ.എസ്.എ.എം.പി.എം 27/1695/18 തി. 18.01.2018 | 11 |
| 2001-02 | കെ.എസ്.എ.എം.പി.എം 27/1103/18 തി.13.06.2018 | 5 |
| 2003-04 | കെ.എസ്.എ.എം.പി.എം 27/1103/18 തി.13.06.2018 | 9 |
| 2004-05 | കെ.എസ്.എ.എം.പി.എം 27/1412/18 തി.11.09.2018 | 3 |
| 2005-06 | എൽ എഫ് എം12/391/10 തി.19.10.10 | 13 |
| 2006-07 | എൽ എഫ് എം12/542/11തി. 6.6.2011 | 14 |
| 2007-08 | എൽ എഫ് എം12/731/11 തി.8.6.2011 | 24 |
| 2008-09 | എൽഎഫ്എം12/67/11 തി.11.11.2011 | 18 |
| 2009-10 | എൽഎഫ്എം/12/68/11തി. 16.11.2011 | 16 |
| 2010-11 | എൽഎഫ് എം14/937/12 തി.12.11.2012 | 14 |
| 2011-12 | എൽഎഫ്എം14/2850/12 തി.14.03.2013 | 21 |
| 2012-13 | എൽ എഫ് എം14/1101/14 തി.10.12.14 | 13 |
| 2013-14,2014-15 | കെ എസ് എ എം പി എം27/2096/16 തി.01.01.2018 | 8 |
| 2015-16 | കെ എസ് എ എം പി എം 27/3/17 തി.15.02.2018 | 9 |
| 2016-17 | കെ.എസ്.എ.എം.പി.എം 27/1566/17 തി.08.05.2018 | 8 |
| 2017-18 | കെ.എസ്.എ.എം.പി.എം 27/606/19 തി.16.0.19 | 14 |
| 2018-19 | കെ.എസ്.എ.എം.പി.എം 27/926/2020 തി.25-8-20 | 23 |

ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

<u>അനുബന്ധം-1</u>

<u>ഓഡിറ്റ് സാക്ഷ്യപത്രം</u>

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2019-2020 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ മലപ്പുറം ജില്ലയിലെ കോഡൂർ ഗ്രാമപഞ്ചായത്തിന്റെ 2019-2020-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

മലപ്പുറം ജില്ലയിലെ കോഡൂർ ഗ്രാമപഞ്ചായത്തിന്റെ 2019-2020 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്